
# THE KUDUMBA DEEPAM.


Vol. V.) February 1934. (No. 2.


## വിഷയവിവരം.


1. നോമ്പിലെ ഒന്നാം ഞായറാഴ്ച .......... 33.
2. ത്രേസ്യാ ന്യൂമാൻ .......... 37.
3. ഈശാവതരണം .......... 41.
4. ഹേറോദിയാപുത്രി .......... 51.
5. കഷ്ടപ്പാടുകൾ എന്തിന്? .......... 53.
6. ഒരു യഥാർത്ഥ ജീവിതനവീകരണം .......... 56.
7. ആണ്ട് ഹെലൻെറ കത്തുകൾ .......... 60.
8. പഞ്ചാംഗം .......... 64.


Sow a thought and reap a deed;
Sow a deed and reap a habit;
Sow a habit and reap character;
Sow a character and reap destiny.

# മാന്യ വരിക്കാർ അറിവാൻ.

ആലപ്പുഴ, പുളിങ്കുന്നു, കാവാലം, കൈനടി, നീലംപേരൂർ, ചങ്ങനാശ്ശേരി, മുണ്ടക്കയം എന്നീ അഞ്ചൽ അതിർത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ മി. പടിക്കപ്പറമ്പിൽ ഇത്താക്ക ജോസഫ് വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണ്. മാന്യ വരിക്കാർ അദ്ദേഹത്തിന്നു അനാവശ്യ താമസത്തിന്നിടയാകാതെ പണം കൊടുത്തു മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ.

മാനേജർ, കുടുംബദീപം.

---

## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാംഫാനിസ് ദന്തവൈദ്യൻ.

എറണാകുളം.




പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## The Sacred Heart's Depot,

BROADWAY, ERNAKULAM.




ദേവാലയങ്ങൾക്കു ആവശ്യമുള്ള ഏതുതരം മെഴുകുതിരികൾ ഇവിടെ മിതമായ വിലയ്ക്കു കിട്ടുന്നതും ആവശ്യക്കാരുടെ ഹിതാനുസരണം ആർഡർ അനുസരിച്ചു ഏതുനീളത്തിലും ഏതുതൂക്കത്തിലും കൊടുക്കുന്നതും ആണ്.

മാനേജർ,

തിരുഹൃദയഡിപ്പൊ,

എറണാകുളം.



പ. ദേവമാതാവിന്റെ ശുദ്ധീകരണം.

കുടുംബദീപം.

പുസ്തകം ൫ } ഫെബ്രുവരി ൧൯൩൪ { ലക്കം ൨.

# നോമ്പിലെ ഒന്നാം ഞായറാഴ്ച.

(സുവിശേഷം: വി. മത്തായി ൪, ൧ - ൧൧.)

"അപ്പോൾ ഈശോ പിശാചിനാൽ പരീക്ഷിക്കപ്പെടുവാനായിട്ട് (പരിശുദ്ധ) അരൂപിയാൽ വനത്തിലേക്കു കൂട്ടിക്കൊണ്ടുപോകപ്പെട്ടു." അതു് അവിടുന്നു ഝോർദനാൻ നദിയിൽ വെച്ചു് സ്നാപകയോഹന്നാനിൽനിന്നു് ജ്ഞാനസ്നാനം സ്വീകരിച്ചയുടനെയായിരുന്നു. ആ അവസരത്തിൽ നടന്ന അത്ഭുതങ്ങളെ ജനങ്ങൾ കാണുകയും കേൾക്കുകയും ചെയ്തിരുന്നതിനാൽ അവരുടെ സ്തുതിയേയും ബഹുമാനത്തേയും വെറുത്തിരുന്ന അഗാധവിനീതനായ യേശു അവരുടെ മദ്ധ്യത്തിൽനിന്നു് മരുഭൂമിയിലേക്കുപോയി. അവിടെ അങ്ങുന്നു് ധ്യാനത്തിലും, പ്രാൎത്ഥനയിലും, ഏകാന്തത്തിലും, മൌനത്തിലും, ഈശപരസ്മരണയിലും ജീവിച്ചു. ഇങ്ങിനെ അവിടുന്നു്, ലൌകിക ആഡംബരങ്ങളെ പരിത്യജിച്ചു ദൈവത്തോടു അധികമധികം ഐക്യമുള്ളവരായി ജീവിക്കുന്നതിനു് നമ്മെ പഠിപ്പിക്കുന്നു.

"(അവിടെ) അങ്ങുന്നു് നാല്പതു പകലും നാല്പതു രാവും ഉപോഷിച്ചാറെ, പിന്നത്തേതിൽ വിശന്നു." അതു കഠിനവും സുദീൎഘവുമായ ഒരു ഉപവാസമായിരുന്നു. വിലക്കപ്പെട്ട വൃക്ഷത്തിന്റെ കനിയെ ഭക്ഷിച്ച നമ്മുടെ ആദിമാതാപിതാക്കന്മാരുടേയും ഭൂലോകമൊക്കയുടേയും പെരുങ്കൊതിയ്ക്കു പരിഹാരം ചെയ്യുന്നതിനുവേണ്ടിയാണു് അവിടുന്നു ഇതു അനുഷ്ഠിച്ചതു്. മാത്രമല്ല ഉപവാസത്താൽ മാംസേച്ഛയെ അമൎത്തുന്നതിനും ലോകം, ശരീരം, പിശാചു എന്നീ ശത്രുക്കളുടെ വിവിധ പരീക്ഷകളിൽനിന്നു് വിജയംപ്രാപിക്കുന്നതിനും അവിടുന്നു നമ്മെ ഉപദേശി

ക്കുന്നു.

"അപ്പോൾ പരീക്ഷകൻ അടുക്കൽവന്ന് നീ ദൈവത്തിന്റെ പുത്രനാകുന്നുവെങ്കിൽ, ഈ കല്ലുകൾ അപ്പങ്ങളായിത്തീരുവാൻ കല്പിക്ക എന്നു പറഞ്ഞു. അങ്ങുന്നു ഉത്തരമായിട്ടു, മനുഷ്യൻ ജീവിക്കുന്നതു് അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടും ആകുന്നുവെന്നു എഴുതപ്പെട്ടിരിക്കുന്നു എന്ന് അരുളിച്ചെയ്തു." നമുക്കു നിശ്ചയമായിട്ടും വരുവാനിരിക്കുന്ന പരീക്ഷകളെ നാം എങ്ങിനെ നേരിടണമെന്നും, പാപമൊഴിച്ചു മറെറല്ലാ സംഗതികളിലും നമ്മെപ്പോലെയായിത്തീൎന്നു നമ്മോടു അനുകമ്പകാണിക്കുന്നതിനും, പ്രാൎത്ഥന ഉപവാസം എന്നീ ആയുധങ്ങൾ പ്രയോഗിച്ചു പരീക്ഷകളിൽ വിജയം നേടുന്നതിനും നമ്മെ പഠിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ രക്ഷകൻ പരീക്ഷിക്കപ്പെടുന്നതിന് തന്നത്താൻ അനുവദിച്ചു. ഈ ആദ്യപരീക്ഷ ഭക്ഷണപാനീയങ്ങൾക്കുള്ള അതിരില്ലാത്ത ആശനിമിത്തമുണ്ടായതാകുന്നു. നമ്മുടെ ദിവ്യരക്ഷകൻ അതിനെ വലിയ എളിമയോടുകൂടെ എതിരിട്ടുകൊണ്ടു്, ലൌകിക ആവശ്യങ്ങൾ നിമിത്തമുണ്ടാകുന്ന പരീക്ഷകളിൽ എളിമകൊണ്ടും ദൈവവാക്യത്തിലുള്ള വിശ്വാസം കൊണ്ടും ദൈവപരിപാലനയിലുള്ള അചഞ്ചലമായ ശരണം കൊണ്ടും വിജയം പ്രാപിക്കണമെന്നു നമ്മെ പഠിപ്പിക്കുന്നു. ദൈവം നമ്മെ നടത്തിക്കൊള്ളും. നാം ദൈവത്തിൽമാത്രം ആശ്രയിച്ചിരുന്നാൽ മതി.

"അപ്പോൾ പിശാച് വിശുദ്ധ നഗരത്തിലേക്കു അങ്ങെ കൊണ്ടുപോയി, ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ അങ്ങെ നിറുത്തി. നീ ദൈവപുത്രനാകുന്നുവെങ്കിൽ താഴത്തോട്ടു ചാടുക: എന്തുകൊണ്ടെന്നാൽ അങ്ങുന്നു തന്റെ ദൂതന്മാരോടു നിന്നെക്കുറിച്ചു കല്പിച്ചുവെന്നും, നിന്റെ പാദം ഒരു വേള കല്ലിന്മേൽ ഉതെക്കാതെ ഇരിക്കേണ്ടതിന് അവർ തങ്ങളുടെ കൈകളിൽ നിന്നെ താങ്ങുമെന്നും എഴുതപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു. ഈശോ അവനോടു: നീ നിന്റെ ദൈവമായ കൎത്താവിനെ പരീ

ക്ഷിക്കരുതു എന്നു പിന്നെയും എഴുതപ്പെട്ടിരിക്കുന്നു എന്നു അരുളിച്ചെയ്തു." രണ്ടാമത്തെ പരീക്ഷ മായാസ്തുതിയേയും അഹങ്കാരത്തേയും അതിരില്ലാത്ത സ്വാശ്രയത്തേയും സംബന്ധിച്ചതായിരുന്നു. ദിവ്യരക്ഷകൻ ഈ പരീക്ഷയെ ശാന്തതയോടും വിനയത്തോടുംകൂടെ നേരിട്ടുകൊണ്ടു: "നീ നിൻെറ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്," എന്നു അരുളിച്ചെയ്തു. ഇവിടെ മായാസ്തുതിക്കും നിസ്സാരകാര്യങ്ങൾക്കുംവേണ്ടി ഏതൊരു സമയത്തും അത്ഭുതങ്ങൾ ചെയ്യേണ്ടതില്ലെന്നു അവിടുന്നു നമ്മെ ഉദബോധിപ്പിക്കുന്നു. നമുക്കു ദൈവത്തിൽ പൂർണ്ണവിശ്വാസമുണ്ടായിരിക്കണം. എന്നാൽ അത് അവിവേകപരമോ സ്വാശ്രയപ്രേരിതമോ ആയിരിക്കരുത്. ഞാൻ ഉയരത്തിൽനിന്നും താഴത്തോട്ടു ചാടി സർവ്വശക്തനായ ദൈവത്തെ എന്തിനു പരീക്ഷിക്കുന്നു? "വിനയമുള്ളേടത്തു വിവേകവുമുണ്ട്." (സുഭാഷിതം, ൧൧: ൨.)

"പിന്നെ പിശാചു് എത്രയും ഉയൎന്ന ഒരു പർവ്വതത്തിന്മേൽ അങ്ങെ കൊണ്ടുപോയി, ഭൂലോകത്തിൽ സകല രാജ്യങ്ങളേയും, അവയുടെ മഹത്വത്തേയും അങ്ങേക്കു് കാണിച്ചു. നീ വീണു എന്നെ ആരാധിക്കുമെങ്കിൽ ഇവയൊക്കെയും ഞാൻ നിനക്കു തരാം എന്നു പറഞ്ഞു. അപ്പോൾ ഈശോ അവനോടു: സാത്താനേ, നീ പോക, എന്തുകൊണ്ടെന്നാൽ നീ നിൻെറ ദൈവമായ കർത്താവിനെ ആരാധിക്കണമെന്നും, അങ്ങെമാത്രം സേവിക്കണമെന്നും എഴുതപ്പെട്ടിരിക്കുന്നു എന്നു അരുളിച്ചെയ്തു." മൂന്നാമത്തെ പരീക്ഷ ദ്രവ്യാഗ്രഹത്തെയും സ്ഥാനകാംക്ഷയേയും സംബന്ധിച്ചതായിരുന്നു. ഇവിടെ പിശാചു് അസത്യവാദിയായും നുണയുടെ പിതാവായും അവൻെറ യഥാർത്ഥ നിറത്തിൽ പ്രത്യക്ഷപ്പെടുന്നു. മാത്രമല്ല നമ്മെ അധഃപതിപ്പിക്കുന്നതിനുള്ള അവൻെറ അത്യാഗ്രഹത്തെയും അതു വെളിപ്പെടുത്തുന്നു. ഞാൻ സർവ്വശക്തനായ ദൈവത്തിനു വിരോധമായി ഒരു ഘനമായ പാപം ചെയ്താൽ ലോകം മുഴുവനും അവൻേറതായിരുന്നുവെങ്കിൽ അവൻ എനിക്കു തരുമായിരുന്നു. ഒരു ചാവുദോഷം എത്ര ഭയങ്കരമായ ഒരു പാപമാണ്! അതു പിശാചു് ആരാധനയാകു

ന്നു; ഭൂമിയിൽവീണു പിശാചിനെ ആരാധിക്കണം എന്നാണു് അതിൻെറ അൎത്ഥം. ദൈവം, പിശാചു് എന്നീ രണ്ടു യജമാനന്മാരെയും ഏകകാലത്തു് നമുക്കു സേവിക്കാൻ സാധിക്കയില്ല. ദ്രവ്യാഗ്രഹം "വിഗ്രഹാരാധന"യാകുന്നു. (കൊലൊസ്യ. ൩: ൫). എത്ര രാജോചിതവും ദൈവികവുമായ മഹത്വത്തോടെയാണു അങ്ങുന്നു ആ പരീക്ഷയുടെമേൽ വിജയം നേടിയതു്! "സാത്താനെ, നീ പോക!" ദൈവാരാധനക്കുള്ള ശുഷ്കാന്തി നോക്കുക! ശരിയായിട്ടുള്ള കോപത്തോടുകൂടെ അവിടുന്നു പിശാചിനെ അവിടെനിന്നും ഭയപ്പെടുത്തി, നിരാശാഭരിതനാക്കി ഓടിച്ചു. നാമെല്ലാം പരീക്ഷയെ എതിരിടേണ്ടവിധം ഇതാണു്. നീ, നിനക്കു ലഭിച്ചിട്ടുള്ള പാവനമായ സ്വാതന്ത്ര്യത്തെ ഉപയോഗിച്ചു ദൈവത്തെമാത്രം മുട്ടുകുത്തി ആരാധിക്കണം. അപ്പോൾ പിശാചുക്കൾ ഭയവിഹ്വലരായി അന്തൎദ്ധാനം ചെയ്തുകൊള്ളും.

"അപ്പോൾ പിശാചു അങ്ങെ വിട്ടുപോയി. പിന്നെ ഇതാ ദൈവദൂതന്മാർ അടുത്തു് അങ്ങേക്കു ശുശ്രൂഷചെയ്തിരുന്നു." നിത്യപിതാവു് തൻെറ തിരുക്കുമാരനെ ബഹുമാനിക്കുന്നതിനും, അവിടുത്തെ വിജയത്തിൽ അനുമോദിക്കുന്നതിനും, അങ്ങേക്കു മേശയൊരുക്കി ശുശ്രൂഷിക്കുന്നതിനും അനേക ദൈവദൂതന്മാരെ അയച്ചു. ദൈവപരിപാലനയിൽ പൂൎണ്ണമായ ശരണമുണ്ടായിരിക്കുന്നതിനും, പരീക്ഷയോടു് എതിരിടുമ്പോൾ അദൃശ്യമായി നമ്മെ സഹായിക്കുന്ന മാലാഖമാരിൽ വിശ്വാസമുണ്ടായിരിക്കുന്നതിനും ആത്മീയസമരത്തിൽ വലിയ ക്ഷമയും സഹനശീലവുമുണ്ടായിരിക്കുന്നതിനും ഇതു നമ്മെ പഠിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ "വിശ്വസ്തനായ ദൈവം നിങ്ങളുടെ ശക്തിയെ കവിഞ്ഞുള്ള പരീക്ഷകൾ നിങ്ങൾക്കുണ്ടാകുന്നതിനു അനുവദിക്കയില്ല. എന്നാൽ പരീക്ഷയുണ്ടാകുമ്പോൾ അതിനെ എതിരിടുന്നതിനു അങ്ങുന്നു പോക്കുവഴിയുമുണ്ടാക്കും. അതുകൊണ്ടു പ്രിയപ്പെട്ടവരെ, വിഗ്രഹാരാധനവിട്ടോടുവിൻ." (൧ കൊറ, ൧൦: ൧൩, ൧൪)

# ത്രേസ്യാ ന്യൂമാൻ.

(വെറി. റവ. ഫാദർ ജോൺ ബക്ക്മാൻസ്.)

കൊന്നർസ്രൂത്തിലെ (Konnersrueth) കന്യകയുടെ നാമം ലോകത്തെ ആശ്ചര്യഭരിതയാക്കിത്തീർത്തിരിക്കുന്ന സംഗതിഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖനപരമ്പരയിൽനിന്നു വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. ഫാദർ പസിഫിക്കസ് (Fr. Pacificus, O. M. C.) ഈയിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖനത്തിൽനിന്നു ചില വിവരങ്ങൾ താഴെ ഉദ്ധരിക്കുന്നതു വായനക്കാൎക്കു സന്തോഷാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.

സന്ദൎശകന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നു ത്രേസ്യാ ന്യൂമാന്റെ വസതിയിൽ എല്ലാ ആഴ്ചകളിലും ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. ഇതിനാൽ സ്ഥലത്തെ മെത്രാൻ സന്ദൎശനത്തിനു അനുമതി നല്കുന്നതിൽ പ്രത്യേക നിബന്ധനകൾ നിഷ്കൎഷിക്കുന്നുണ്ടു. ചിലൎക്കു രണ്ടും മൂന്നും പ്രാവശ്യം അപേക്ഷിച്ചതിനുശേഷംമാത്രമെ അനുമതി ലഭിക്കുന്നുള്ളു.

സന്ദൎശകന്മാർ സാധാരണ കുമ്പസാരം കഴിച്ചശേഷം മാത്രമെ ത്രേസ്യായുടെപക്കൽ പോകുന്നുള്ളു. അവരുടെ മനസ്സാക്ഷിയെ വായിച്ചു അവരു രഹസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ ഇടയായേക്കുമെന്നുള്ള അവരുടെ ആശങ്കയാണു ഇതിനു കാരണം. ത്രേസ്യാ പലപ്പോഴും സന്ദൎശകന്മാരെ അവരുടെ പാപവഴി വിട്ടുപേക്ഷിക്കുന്നതിനായി ഉപദേശിക്കുന്നുണ്ടെങ്കിലും, അവൾ ഒരിക്കലും പരസ്യമായൊ ഇതരന്മാരുടെ മുമ്പാകെയൊ അപ്രകാരം ചെയ്യുന്നില്ല.

ഒരു വൈദികൻ തന്റെ പട്ടാഭിഷേകത്തിന്റെ സാധുതയെപ്പററി വളരെ ആകുലചിത്തനായിരുന്നു. (ലേഖനകൎത്താവു ഇദ്ദേഹത്തെ നല്ലവണ്ണം അറിയുന്നതാണു) ത്രേസ്യാ അദ്ദേഹത്തോടു സന്ദൎശനാവസരത്തിൽ ഇപ്രകാരം പറഞ്ഞു: "അച്ചൻ ശരിയായി പട്ടം ഏററിട്ടുണ്ടു, അച്ചൻ ദൈവവരപ്രസാദത്തിലാണു ഇരിക്കുന്നതു."

ഇതരന്മാരുടെ മനസ്സാക്ഷിയും അതിൽ നിഗൂഢമായി മറഞ്ഞു കിടക്കുന്ന പാപങ്ങളും മനസ്സിലാക്കി അവരുടെ ജീവിതന

വീകരണത്തിനുവേണ്ട ഉപദേശങ്ങൾ നല്കുന്നതിനുള്ള പ്രത്യേക വരം ചില മഹാത്മാക്കൾക്കു നല്കപ്പെട്ടിട്ടുണ്ടു. ഇപ്രകാരം വി. യൌസേപ്പു കുപ്പർത്തീനൊ പാപികളെ തിരിച്ചറിഞ്ഞു അവരോടു പലപ്പോഴും ഈവിധം പറഞ്ഞിരുന്നു: "നീ പോയി നിന്നെത്തന്നെ കഴുകുക. കാപ്പിരിയെപ്പോലെ നീ കറുത്തിരിക്കുന്നല്ലൊ, നിങ്ങളുടെ മുഖത്തു ചാഴിപററിയിരിക്കുന്നു." വി. ത്രേസ്യാം ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട ഒരാത്മാവിനെ ഈവിധം ഉപദേശിച്ചു മാനസാന്തരപ്പെടുത്തിയതായി അവളുടെ ചരിത്രത്തിൽ നാം വായിക്കുന്നുണ്ടു.

ഒരു നിരീശ്വരവാദി ഒരിക്കൽ വിനോദപ്രിയം നിമിത്തം ത്രേസ്യായെ സന്ദർശിക്കയുണ്ടായി. അയാൾ ഒരു ചിത്രകാരനായിട്ടത്രെ നടിച്ചിരുന്നതു. പക്ഷെ ത്രേസ്യാ അയാളെ കണ്ട ക്ഷണത്തിൽ "നീ ഒരു മതദ്രോഹിയാണു. നിൻെറ പൌരോഹിത്യം ഒരിക്കലും മായിച്ചുകളവാൻ സാധിക്കുന്നതല്ല" എന്നു പറഞ്ഞു. വാസ്തവത്തിൽ അവൻ ഇരുപതു കൊല്ലങ്ങൾക്കുമുമ്പു സന്യാസസഭയിൽനിന്നു പുറത്തു പോകയും മതത്യാഗിയായി ജീവിതം നയിക്കയും ചെയ്തിരുന്ന ഒരു ദുർഭഗനായിരുന്നു.

ത്രേസ്യാന്യൂമാനിൽനിന്നു ഒരു പ്രത്യേക സംഗതി നാം പഠിക്കേണ്ടതുണ്ടു്. അതു ന. കർത്താവിൽ നമുക്കുണ്ടാകേണ്ടതായ തീവ്രവും നിസ്സീമവുമായ മനഃശരണമത്രെ. അവൾ പലപ്പോഴും കർത്താവിനെ കാണുകയും അവിടുത്തോടു സംസാരിക്കയും ചെയ്യുന്നുണ്ടു. അവിടുന്നു മനുഷ്യരുടെനേൎക്കു അതിരുകവിഞ്ഞ നന്മയാണു പ്രദർശിപ്പിക്കുന്നതെന്നു അവൾ പറയുന്നു. അവിടുന്നു നമ്മുടെ നന്മനസ്സു കാണുമ്പോൾ സംതൃപ്തിയടയുന്നു. മനുഷ്യരിൽ ഭൂരിപക്ഷം ആളുകൾക്കും ഉള്ളതുപോലെ ഭയമല്ല സ്നേഹമത്രെ ഈശോയുടെനേൎക്കു നമുക്കുണ്ടാകേണ്ടുന്ന മനോഭാവം.

ത്രേസ്യായുടെ ആദ്ധ്യാത്മിക പാരവശ്യങ്ങളും ദിവ്യ ദർശനങ്ങളും ഇപ്പോഴും തുടൎന്നുകൊണ്ടിരിക്കുന്നു. വിശിഷ്യ, നോമ്പുകാലങ്ങളിൽ പീഡിതനായ രക്ഷനാഥനെ അവൾ ദർശിക്കയും അവിടുത്തോടു ഒന്നിച്ചു പീഡകൾ സഹിക്കയും ചെയ്യുന്നു. ഈ

പീഡകൾ പ്രസിദ്ധമാക്കുവാൻ അവൾക്കു വളരെ വൈമനസ്യമാണുള്ളതു. അഞ്ചുകായവരങ്ങൾ പ്രാപിക്കുന്നതിനു ഭാഗ്യം ലഭിച്ചിട്ടുള്ള വിശുദ്ധന്മാർ ലോകപാപപരിഹാരാർത്ഥം എത്ര ദുസ്സഹമായ കഷ്ടാനുഭവങ്ങൾക്കാണു ദൈവനിശ്ചയപ്രകാരം വിധേയരായിത്തീർന്നിട്ടുള്ളതെന്നു അവരുടെ ചരിത്രങ്ങളിൽനിന്നു നാം ഗ്രഹിച്ചിട്ടുണ്ടു. നമ്മുടെ ചരിത്രനായികയും ആധുനികലോകോദ്ധാരണാർത്ഥം അവളുടെ ദൈവദത്തമായ കായങ്ങൾമൂലവും മററും അതിദാരുണമായി പീഡിപ്പിക്കപ്പെടുന്നു എന്നു തെളിയിക്കുന്നതിനു പ്രയാസമില്ല. ഈ സന്ദർഭങ്ങളിൽ എടുത്തിട്ടുള്ള ഫോട്ടോകളിൽനിന്നു അവൾ ക്രൂശിക്കപ്പെടുന്നതു എങ്ങനെയെന്നു ഏറക്കുറെ പ്രത്യക്ഷപ്പെടുന്നുണ്ടു.

ദുഃഖവെള്ളിയാഴ്ച ത്രേസ്യായെ കാണുന്നതിനു അവളുടെ മാതാപിതാക്കന്മാർ സാധാരണയായി ആർക്കും അനുമതി നല്കാറില്ല. കഴിഞ്ഞകൊല്ലം ദുഃഖവെള്ളിയാഴ്ച ഒരു പട്ടക്കാരനു അവളെ സ്വല്പനേരം സന്ദർശിപ്പാൻ അനുമതി ലഭിച്ചു. അവളുടെ അഞ്ചു കായങ്ങളിൽനിന്നും രക്തം ഒഴുകിക്കൊണ്ടിരുന്നു. കണ്ണുകളിൽനിന്നു പ്രവഹിച്ചിരുന്ന രക്തംനിമിത്തം അവ തിരിച്ചറിവാൻ സാധിച്ചിരുന്നില്ല. കൈകളിലും കാലുകളിലുമുള്ള വ്രണങ്ങളിൽനിന്നു ആണികളുടെ ആകൃതിയും വലിപ്പവും മനസ്സിലാക്കാം.

ശുദ്ധീകരണസ്ഥലത്തിൽ പീഡിപ്പിക്കപ്പെടുന്ന ആത്മാക്കൾക്കായി ത്രേസ്യാ പരിഹാരകൃത്യങ്ങൾ സമർപ്പിച്ചു വളരെ പേരെ അവിടെനിന്നു മോചിച്ചു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നുണ്ടു. ഭാഗ്യപ്രദർശനത്തിൽ അവർ അവൾക്കു പ്രത്യക്ഷപ്പെടുകയും അവരെ അവൾ അനുമോദിക്കയും ചെയ്യുന്നതു സാധാരണയായിത്തീർന്നിരിക്കുന്നു എന്നു പറയാം. ൧൯൨൬ മുതൽ വി. കുർബ്ബാനയല്ലാതെ മററു ഭക്ഷണങ്ങൾ ഒന്നും അവൾ സ്വീകരിച്ചിട്ടില്ല. ൧൯൨൭ തുടങ്ങി ഒരു തുള്ളി വെള്ളംപോലും അവൾ കുടിച്ചിട്ടുമില്ല.

വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ തിരിച്ചറിയുന്നതിനും അവ ആരുടേതെന്നും മററും വിവരമായി പ്രസിദ്ധപ്പെടുത്തുന്ന

തിനും അവൾക്കു പ്രത്യേക പ്രകാശം ലഭിക്കുന്നുണ്ടു. കീൎത്തിപെട്ട വേദാന്തിയായ സ്കോട്ടസിന്റെ (Duns Scotus) ഒരു തിരുശേഷിപ്പു കാണിച്ചപ്പോൾ അതിന്റെ യാഥാൎത്ഥ്യം അവൾ വെളിപ്പെടുത്തിയതോടുകൂടി, അദ്ദേഹം മരണാനന്തരം, ശുദ്ധീകരണസ്ഥലം സ്പൎശിക്കാതെ, തൽക്ഷണം സ്വൎഗ്ഗപ്രാപ്തനായി എന്നുകൂടി പ്രസ്താവിക്കയുണ്ടായി. ഒരു വൈദികൻ ത്രേസ്യായെ പരീക്ഷിക്കുന്നതിനായി മൂന്നു കൂട്ടുകൾ ഉണ്ടാക്കി, അവയിൽ ഒന്നു യഥാൎത്ഥമായ ഒരു തിരുശേഷിപ്പോടും, രണ്ടാമത്തേതു അയഥാൎത്ഥമായ വേറൊന്നോടും, മൂന്നാമത്തേതു ഒന്നുംകൂടാതെയും ഒരുക്കിയശേഷം കന്യകയുടെപക്കൽ പ്രത്യക്ഷപ്പെട്ടു. അവളെ കാണിക്കുന്നതിനായി മേല്പറഞ്ഞ കൂട്ടുകൾ കുപ്പായത്തിന്റെ കീശയിൽ തപ്പിത്തുടങ്ങി. അപ്പോൾ ത്രേസ്യാ "അച്ചാ, നിങ്ങൾ വ്യഥായാണു തപ്പുന്നതു. നിങ്ങൾ കൂട്ടുകൾ മൂന്നും വീട്ടിൽ വെച്ചുകൊണ്ടാണു വന്നിരിക്കുന്നതു" എന്നു പറഞ്ഞു. വാസ്തവം അങ്ങനെതന്നെയായിരുന്നു. അദ്ദേഹം സ്വവസതിയിൽ തിരിച്ചുചെന്നപ്പോൾ കൂട്ടുകൾ മൂന്നും അവിടെ മേശപ്പുറത്തു കിടക്കുന്നതുകണ്ടു.

പരേതരെപ്പറ്റി പലപ്പോഴും ത്രേസ്യായോടു ചോദ്യം ചെയ്യുന്നുണ്ടു. അതിനു, ചിലർ ദൈവത്തോടുകൂടി സ്വൎഗ്ഗഭാഗ്യം അനുഭവിക്കുന്നു എന്നും, മറ്റു ചിലർ ശുദ്ധീകരണസ്ഥലത്തിൽ പീഡകൾ അനുഭവിക്കുന്നു എന്നും അവൾ പറയാറുണ്ടു. എന്നാൽ നരകത്തിൽ നശിച്ചുപോയ ഒരുത്തന്റെയും നാമം അവൾ പ്രസിദ്ധമാക്കുന്നില്ല.

ത്രേസ്യാ നിരീശ്വരലോകത്തെ സത്യവിശ്വാസത്തിലേക്കും, ക്രിസ്ത്യാനികളെ ദൈവസ്നേഹത്തിലേക്കും പൂൎവ്വാധികം ആകൎഷിക്കട്ടെ!

---

ത്രേസ്യ ന്യൂമാനെ വീണ്ടും ഒരു മെഡിക്കൽ പരിശോധനയ്ക്കു് വിധേയയാക്കുവാൻ അവളുടെ പിതാവു് വിസമ്മതിച്ചുവരുന്നതിനാൽ പരിശോധന ഇനിയും നടത്തപ്പെട്ടിട്ടില്ലെന്നു കാണുന്നു. വിദഗ്ദ്ധപരിശോധന ത്രേസ്യായ്ക്കു കായികമായ അസ്വാസ്ഥ്യത്തിനിടയാക്കിയേക്കുമെന്നുള്ള ഭയമാണ് പിതാവിന്റെ വിസമ്മതത്തിനുള്ള പ്രധാന നിദാനമെന്നുകാണുന്നു.

# ഈശോവതരണം.

(ശ്രീമാൻ എം. ഒ. ജോസഫ്, നെടുങ്കുന്നം.)

രംഗം ൧.

## ദിവ്യസന്ദേശം.

നമ്മുടെ കർത്താവീശോമ്ശിഹാ മരിച്ചവരിൽനിന്നുയർത്ത് സ്വർഗ്ഗത്തിലേക്ക് എഴുന്നെള്ളിയിട്ട് സംവത്സരങ്ങൾ എഴുപതോളം കഴിഞ്ഞിരിക്കുന്നു. അവിടുത്തെ മാതാവായ പരിശുദ്ധ കന്യകമറിയം തന്റെ പുത്രന്റെ മരണശേഷം കുറെ നാൾകൂടെ ജീവിച്ചിരുന്നെങ്കിലും ആ അമ്മയും മരിച്ച് സ്വപുത്രന്റെ തിരുസന്നിധിയെ പ്രാപിച്ചിരിക്കുന്നു. അപ്പോസ്തോലപ്രഭുവായ പത്രോസും കാലംചെയ്തു. ക്രിസ്തുവിന്റെ പ്രേഷിതപ്രമുഖന്മാരായ പന്ത്രണ്ടുപേരിൽ യോഹന്നാൻ ഒഴികെയുള്ളവരെല്ലാം കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തുകഴിഞ്ഞു. ഓർശ്ലേമിൽനിന്നു നാടുകടത്തപ്പെട്ട യഹൂദന്മാർ ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്കും ചിതറപ്പെട്ടു. ഓർശ്ലം ദേവാലയത്തിന്റെ, കല്ലിന്മേൽ ഒരു കല്ലു ശേഷിക്കാത്ത, വിനാശവും സംഭവിച്ചുകഴിഞ്ഞു; ഓർശ്ലം അധഃപതിച്ചു. "ദിവ്യ രക്ഷകൻ പ്രതാപത്തോടും മഹത്വത്തോടും രാജത്വത്തോടും ഇന്നോ നാളെയോ അഥവാ പെട്ടെന്നോ പുനരാഗമിക്കും; മാലാഖ കാഹളം ഊതും; ലോകം എന്നെന്നേയ്ക്കുമായി നശിക്കുകയും ചെയ്യും" എന്നു ചിലരെങ്കിലും വിചാരിച്ചിരുന്നിരിക്കണം.

അന്ന് ശ്ലീഹന്മാരിൽ ഏറ്റവും പ്രായം കുറഞ്ഞവനായിരുന്ന യോഹന്നാൻ ഇപ്പോൾ ഉദ്ദേശം നൂറു വയസ്സുള്ള ഒരു കിഴവനാണ്. മററുള്ളവരെയപേക്ഷിച്ച് വളരെയധികക്കാലം അദ്ദേഹം ജീവിച്ചു അദ്ദേഹം ഒരിക്കലും മരിക്കയില്ലെന്ന് പലർക്കും അഭിപ്രായമുണ്ടായിരുന്നു. പക്ഷെ അതല്ലായിരുന്നു യഥാർത്ഥം. അദ്ദേഹം മരിക്കയില്ലെന്ന് ഈശോ അരുളിച്ചെയ്തിട്ടില്ല. "പത്രോസേ, ഞാൻ വരുന്നതുവരെ ഇവൻ ഇങ്ങനെ ഇരിക്കാനാണ്

എന്റെ ഇഷ്ടമെങ്കിൽ അതിനു് നിനക്കെന്തു്?" എന്നാണു് ഈശോ അരുളിച്ചെയ്തിട്ടുള്ളതു്. ദിവ്യനാഥൻ അതു് കല്പിച്ചരുളിയതു്, വളരെക്കാലംമുൻപു് തന്റെ സ്വർഗ്ഗാരോഹണസന്ദർഭത്തിലായിരുന്നു. എങ്കിലും ദിവ്യനാഥൻ അത്യധികം സ്നേഹിച്ചിരുന്ന യോഹന്നാൻ മാത്രമേ, തിരഞ്ഞെടുക്കപ്പെട്ടവരിൽ കർത്താവിന്റെ സന്നിധിയെ പ്രാപിക്കുവാൻ ഇനി അവശേഷിച്ചിട്ടുള്ളു.

കുറെക്കാലംമുൻപു്, പാത്മോസു് ദ്വീപിലേക്കു് നാടുകടത്തപ്പെട്ട അവസരത്തിൽ, യോഹന്നാൻ തന്റെ ജ്ഞാനദൃഷ്ടിയിൽ, പറുദീസായിലേക്കു് ആനയിക്കപ്പെടുകയും അങ്ങനെ വെളിപാടിൽ വിവരിക്കുന്ന ദർശനങ്ങൾക്കു് വിധേയനാകുകയുംചെയ്തു. പക്ഷെ അതു് കഴിഞ്ഞിട്ടും അദ്ദേഹം മരിച്ചില്ല. പ്രത്യുത, ക്രിസ്തുവിന്റെ പിന്നാലെ കുരിശുമെടുത്തു് നടക്കുന്നതിനു് പിന്നെയും ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം കർത്താവിന്റെ വരവിനെ പ്രതീക്ഷിച്ചു് അദ്ദേഹം എഫേസൂസിൽ താമസിക്കുകയാണു്. കർത്താവുമായി അഭിമുഖസംഭാഷണം നടത്തിയിട്ടുള്ളവരുടെ പൌത്രരും പ്രപൌത്രരുമായവരുടെ ഇടയിൽ അദ്ദേഹം ഒരു മൂപ്പനായിരുന്നു. എന്തെന്നാൽ അപ്പോൾ ജീവിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ, നമ്മുടെ കർത്താവിനെ നല്ലതുപോലെ കാണുകയും സഹവസിക്കുകയും ചെയ്തിട്ടുള്ള ഏകമനുഷ്യൻ അദ്ദേഹമായിരുന്നു. താൻ മരിക്കുന്നതിനുമുൻപു്, തന്റെ ദിവ്യനാഥൻ അവസാന സാക്ഷിയായിത്തീരണമെന്നുള്ള ദൈവികാജ്ഞയെ യോഹന്നാൻ നല്ലതുപോലറിഞ്ഞു. ഈശോയുടെ ചരിത്രം കഥിക്കുന്നതിനു് മത്തായിയും മർക്കോസും ലൂക്കോസും ദൈവനിവേശിതരായി എന്നാൽ എല്ലാം പറയുന്നതിനു് അവർക്കു് സാദ്ധ്യമായിരുന്നില്ല. ഈശോ പറയുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളവ എല്ലാം എഴുതുകയാണെങ്കിൽ, ആ ഗ്രന്ഥങ്ങൾ ഈ ഭൂലോകത്തിൽ ഒതുങ്ങുകയില്ല. തനിക്കു് ശരിയായി അറിയാവുന്നതായ അവയിൽ കുറെയെങ്കിലും പറയണമെന്നു് യോഹന്നാൻ തീരുമാനിച്ചു. അതു് അവസാന സാക്ഷ്യമാണു്; തന്റെ ദിവ്യനാഥന്റെ സ്നേഹസന്നിധിയിലേക്കു് താൻ ആനയിക്കപ്പെടുന്നതി

നമുക്കുള്ള അവസാന സ്നേഹസന്ദേശമായിരിക്കും അതു്.

എഫേസൂസിലെ ഒരു മനോഹരസൗധത്തിന്റെ കളിർമണ്ഡപങ്ങളിലൊന്നിലാണു് യോഹന്നാൻ ഇപ്പോൾ ഇരിക്കുന്നതു്. അദ്ദേഹത്തിന്റെ "നരച്ചു വളന്നു മാറിൽതൊട്ടോരു താടി" എഴുത്തുമേശയുടെ മുകൾപ്പരപ്പിൽ വീണുകിടന്നിരുന്നു. എഴുതിക്കൊണ്ടിരുന്ന തുകൽക്കടലാസിനും അദ്ദേഹത്തിന്റെ കൈകൾക്കും ഒരേ നിറംതന്നെയായിരുന്നു. ആ ചുളി വീണ തൊലിക്കിടയിൽ മുഴച്ചുനില്ക്കുന്ന ഞരമ്പുകളിൽ പ്രവഹിച്ചുകൊണ്ടിരുന്ന രക്തം എഴുതാനുപയോഗിക്കുന്ന മഷിയോടു സമാനവർണ്ണമുള്ളതായിരുന്നു. അദ്ദേഹം തന്റെ നേത്രങ്ങളെ ഉന്മീലിപ്പിക്കുമ്പോൾ കുടുസ്സായ ആ മുറിയുടെ താഴ്ന്ന മുകൾത്തട്ടു് നല്ലപോലെ ദൃശ്യമാകും. അദ്ദേഹത്തിന്റെ മ്ലാനമുഖത്തു് പ്രത്യക്ഷപ്പെട്ടുകാണുന്നതു് ശ്യാമളമയമായ രണ്ടു് സരസീരുഹങ്ങൾതന്നെ. മന്ദം മന്ദം ഉച്ഛ്വസിച്ചുകൊണ്ടിരിക്കുന്നതിനനുസരിച്ചു് ആ പേനയും ഓടിക്കൊണ്ടിരിക്കുന്നു. അതേ അദ്ദേഹം എഴുതുന്നു:

യോഹ:- "ആദിയിൽ...... വചനം ഉണ്ടായിരുന്നു...... വചനം...... ദൈവത്തോടുകൂടിയായിരുന്നു...... വചനം ദൈവവുമായിരുന്നു ...... ആദിയിൽ അവിടുന്നു് ...... ദൈവത്തോടുകൂടി ഉണ്ടായിരുന്നു.

കണ്ണുകൾ താനേ അടഞ്ഞു. വേപഥുഗാത്രനായി. ക്രമേണ അദ്ദേഹത്തിന്റെ ശിരസ്സു് എഴുതിക്കൊണ്ടിരുന്ന ആ കയ്യിലേക്കുതന്നെ ചാഞ്ഞു- അങ്ങനെ സമയം കുറെ കഴിഞ്ഞു. ഒരു വലിയ നിശ്വാസത്തിനുശേഷം ശിരസ്സുയർത്തി വീണ്ടും എഴുതുന്നു:

"എല്ലാ വസ്തുക്കളും അയാളാൽ ഉണ്ടാക്കപ്പെട്ടു. ഉണ്ടാക്കപ്പെട്ടതിൽ യാതൊന്നും അയാളെക്കൂടാതെ ഉണ്ടായതുമില്ല."

(എഴുതുകയും വളരെ വേഗം അതുതന്നെ ഏറ്റുപറയുകയും ചെയ്യുന്നു.)

"ജീവൻ അയാളിൽ ആയിരുന്നു. ആ ജീവൻ മനുഷ്യരുടെ പ്രകാശവുമായിരുന്നു. ആ പ്രകാശം അന്ധകാരത്തിൽ

ശോഭിക്കുന്നു. എന്നാൽ അന്ധകാരം അതിനെ വിജയിച്ചില്ല."

തനിക്കെതിരെയുള്ള ഭിത്തിയിലേക്ക് ശിരസ്സുയർത്തി നോക്കുവേ അദ്ദേഹത്തിൻെറ നേത്രങ്ങൾ പ്രഭാപൂരിതങ്ങളായി. അദ്ദേഹം എഴുതിയതിനെപ്പററിത്തന്നെ ആലോചിക്കുന്നു. തുടരുന്നു:

"ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അയാളുടെ പേർ യോഹന്നാൻ എന്നായിരുന്നു. അയാൾ താൻമൂലം സകലരും വിശ്വസിക്കേണ്ടതിന് ആ പ്രകാശത്തെക്കുറിച്ച് സാക്ഷ്യം വഹിക്കുവാൻ ഒരു സാക്ഷിയായി വന്നു."

യോഹന്നാൻ പേന താഴെ വച്ചു. തൻെറ കൂപ്പുകൈകൾ മേശപ്പുറത്തു വയ്ക്കുന്നു. ആ പഴയ കാലങ്ങളെ സ്മരിക്കുന്നു......

യോഹ:- സ്നാപക യോഹന്നാൻ. അയാൾ എന്നെ പ്രകാശം കാണിക്കുകയും അതിനെ അനുഗമിക്കുവാൻ ഉപദേശിക്കുകയുംചെയ്തു. ഗുരുവിനെ കാണുന്നതിനുമുൻപ് ഞാൻ അയാളുടെ ശിഷ്യനായിരുന്നു. വനത്തിൽ വിളിച്ചുപറയുന്ന ഒരുവനെപ്പോലെ പ്രകാശത്തിനുമുൻപ് അയാൾ നടന്നു. ഈ ദിവസംവരെ, പ്രകാശത്തെ ചൂണ്ടിക്കാണിക്കുന്നതിന് ഞാൻ പ്രകാശത്തെ അനുഗമിച്ചു. (തുകൽക്കടലാസ്സ് കൈകൊണ്ട് തുടച്ച് അതിവേഗം എഴുതുന്നു) "അയാൾ പ്രകാശം ആയിരുന്നില്ല; എന്നാൽ പ്രകാശത്തെക്കുറിച്ച് സാക്ഷ്യം വഹിക്കേണ്ടവൻ ആയിരുന്നു. അതു് ഈ ലോകത്തിലേക്ക് വരുന്ന എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശം ആയിരുന്നു. അയാൾ ലോകത്തിൽ ആയിരുന്നു. ലോകം അയാളാൽ ഉണ്ടാക്കപ്പെട്ടു...... എങ്കിലും ലോകം അയാളെ അറിഞ്ഞില്ല. അയാൾ തൻെറ സ്വന്തത്തിലേക്ക് വന്നു...... എന്നാൽ സ്വന്തമായുള്ളവർ തന്നെ കൈക്കൊണ്ടതുമില്ല." (ഈ വാക്കുകൾ സാവധാനത്തിലും അതീവദുഃഖത്തോടുകൂടിയും ഉച്ചരിക്കവേ തൻെറ പേന, എഴുതുന്ന ഭാവത്തിൽ ആകാശത്തിൽ ചലിപ്പിച്ചു

കൊണ്ടിരിക്കുന്നു.)

"സ്വന്തമായുള്ളവർ തന്നെ കൈക്കൊണ്ടതുമില്ല." (വീണ്ടും ആ പഴയ കാലത്തേക്ക് ചിന്തകളെ നയിക്കുന്നു....... പുതിയ ഒരു ഉണർവ്വോടുകൂടി തുകൽക്കടലാസിനെ ശക്തിയായി അമർത്തി) "എന്നാൽ തന്നെ കൈക്കൊണ്ട് തൻെറ നാമത്തിൽ വിശ്വസിക്കുന്നവർ ആരോ അവർക്കെല്ലാം ദൈവമക്കൾ ആകുവാനുള്ള അധികാരം അയാൾ കൊടുത്തു. അവർ രക്തത്തിൽനിന്നോ, മാംസേച്ഛയിൽനിന്നോ, പുരുഷൻെറ മനസ്സിൽനിന്നോ അല്ല, ദൈവത്തിൽനിന്നുതന്നെ ജനിച്ചവരാകുന്നു." (ക്ഷുഭിതനായ ഒരുവനെപ്പോലെ അദ്ദേഹം വെഞ്ചാമരസദൃശമായ തൻെറ താടി ചലിപ്പിച്ചുകൊണ്ടിരിക്കുന്നു.)

"ആ വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു."

(അദ്ദേഹം ശ്വാസമടക്കി. കയ്യിലിരിക്കുന്ന പേന ഞെരിക്കുന്നു. എഴുതിയതുതന്നെ വീണ്ടും വായിക്കുന്നു.)

"ആ വചനം മാംസമായി."

(അത്ഭുതപൂർവ്വം അതിനെത്തന്നെ ആവർത്തിക്കുന്നു)

"ആ വചനം മാംസമായി."

(തുകൽക്കടലാസിലേക്ക് മിഴിച്ചുനോക്കുന്നു. കസേര മേശയുടെ അടുക്കൽനിന്ന് പിറകോട്ട് നീക്കി. എഴുന്നേററ് മേശയിലേക്ക് കുനിഞ്ഞു് വീണ്ടും ഉറച്ചു പറയുന്നു.)

"ആ വചനം മാംസമായി."

(എഴുതിയതിലേക്കുതന്നെ വീണ്ടും കണ്ണോടിച്ചു. വളരെ പ്രയാസപ്പെട്ടു് മുട്ടുകുത്തുന്നു. അനന്തരം ഭക്തിപൂർവ്വം ഒന്നുകൂടി ആവർത്തിച്ചു പറയുന്നു.)

"ആ വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു."

മേശയുടെ അടുത്തു് മുട്ടുകുത്തിയിരിക്കുന്ന യോഹന്നാൻ ദൂരെ ഒരിടത്തു് നടക്കുന്നതെന്തോ കാണുവാൻ പ്രയാസപ്പെടുന്നവനെപ്പോലെ മിഴിച്ചു നോക്കുന്നു. അതേ അദ്ദേഹം ആ പഴയ കാലങ്ങളെ ഓർത്തു്. ഹൃദയത്തിൻെറ അഗാധത്തിൽനിന്നും വാക്കു

കൾ പുറപ്പെടുന്നതുപോലെ കാണപ്പെട്ടു.

യോഹ:- ഹാ............ഹ്ആ............ഹ്ആ............

* * * *

ഹിമംപോലെ വെണ്മയേറിയ ഒരു മേഘം, അതിന്റെ പിറകിലുള്ള സൂര്യന്റെ ഉഗ്രകിരണങ്ങളാൽ ജാജ്വല്യമാനമായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അതു് അവതാരമെടുത്ത അപരിമേയനായ ദൈവത്തെപ്പോലെയാണ്. ഈ ധൂമികാവകുണ്ഠനത്തിൽനിന്നും ജാജ്വല്യമാനപ്രകാശത്തോടുകൂടിയ ഒരു ആകൃതി പ്രത്യക്ഷീഭൂതമാകുന്നു. ഈ പ്രകാശം ക്രമേണ രൂപം കൈക്കൊള്ളുകയും ഒടുവിൽ അതൊരു മനുഷ്യാകൃതി സ്വീകരിക്കുകയും ചെയ്യുന്നു. പകുതി മുറിയും പകുതി ഗുഹയുമായുള്ള ഒരു ശാലയുടെ ഭിത്തിയിൽ, അതിലെ മങ്ങിയ പ്രകാശത്തിൽ കാണപ്പെടുന്ന ഒരു പ്രതിമയോട്ട് ആ ആകൃതിയെ ഉപമിക്കാമെന്നു തോന്നുന്നു.

നസ്രസിൽ ഇപ്പോൾ മദ്ധ്യാഹ്നമായിരിക്കുന്നു. യോവാക്കീമിന്റെയും അന്നായുടേയും പുത്രിയായ മറിയം, അവളുടെ മാദ്ധ്യാഹ്നിക പ്രാത്ഥനയിൽ ദത്തശ്രദ്ധയായിരിക്കുകയാണ്. അവൾ സൌന്ദര്യവതിയായ ഒരു പെൺകുട്ടി, പതിനഞ്ചു വയസ്സിലധികം പ്രായമില്ല; കൃതഗാത്രി, കണ്ണാടിപോലെ നിമ്മലവും മനോഹരവുമായ മേനി; ചുരുക്കത്തിൽ കൌമാരിത്വത്തിന്റെ പരിപൂണ്ണതയിൽ എത്തിയ ഒരു സൌന്ദര്യധാമംതന്നെ അവൾ. ദാർശ്ലം ദേവാലയത്തിൽനിന്ന് വന്നിട്ട് ഇനിയും അധികമായിട്ടില്ല. ദേവാലയത്തിൽ, ദൈവത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള മററു കന്യകകളോടുകൂടി താമസിച്ച്, അവൾ നിയമശാസ്ത്രം അഭ്യസിച്ചിരുന്നു. ഇപ്പോൾ തന്നെപ്പോലെതന്നെ ദാവീദിന്റെ ഗോത്രത്തിലും ഭവനത്തിലും പെട്ടവനും, നീതിമാനും, യൌസേപ്പെന്ന് പേരുള്ളവനുമായ ഒരുവന് വിവാഹം ചെയ്യപ്പെട്ടിരിക്കുന്നു.

പ്രാത്ഥനയ്ക്കായി മുട്ടുകുത്തിയിരിക്കയിൽ ആരോ ആ മുറിയിൽ ഉള്ളതായി അവൾക്ക് തോന്നി. അവൾ ശിരസ്സുയത്തിനോക്കി. അവളുടെ കണ്ണുകൾ വാതായനത്തിങ്കലേക്ക് തിരിഞ്ഞു. അതാ ധവളവസ്ത്രധാരിയായ ഒരു രൂപം അവിടെ നിൽ

ക്കുന്നു. മറിയം വേഗം അവിടെനിന്നെഴുന്നേററു. ദാവീദിൻെറ രാജകീയ ഗോത്രത്തിൽപ്പെട്ട ഒരു രാജകുമാരിയുടെ ആഭ്യന്തര ഗൌരവത്തോടെ അവൾ നിലകൊണ്ടു. നിർന്നിമേഷവും ഭയരഹിതവുമായ നേത്രങ്ങളോടുകൂടി അവൾ ആ സത്വത്തെ നോക്കി. ഈ മനുഷ്യനെ അവൾ ഇതിനുമുൻപൊരിക്കലെങ്കിലും കണ്ടതായി ഓൎക്കുന്നില്ല. എന്നാൽ ഇവനെപ്പോലെയുള്ളവരെ ദേവാലയശുശ്രൂഷികൾക്കിടയിൽ അവൾ കണ്ടിട്ടുണ്ടു്.

മറിയം:- നിങ്ങൾക്കു സമാധാനം.

ഗബ്രിയൽ:- (തല കുനിച്ചു്) "നന്മനിറഞ്ഞവളെ നിനക്കു സ്വസ്തി! കൎത്താവു നിന്നോടുകൂടെ സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു."

മറിയം അവനിൽത്തന്നെ ദൃഷ്ടി ഉറപ്പിച്ചു നിലകൊള്ളുന്നു. ഇതെന്തൊരു ആശ്ചൎയ്യകരമായ വന്ദനം! ഇതിൻെറ അൎത്ഥമെന്തു്? ഈ മനുഷ്യൻ ആരു്?

ഗബ്രിയൽ:- (അവളുടെ മൌനത്തിൻെറ അൎത്ഥം മനസ്സിലാക്കിയിട്ടെന്നപോലെ) "മറിയമേ, നീ ഭയപ്പെടേണ്ട. എന്തുകൊണ്ടെന്നാൽ നീ ദൈവത്തിൽ അനുഗ്രഹം കണ്ടെത്തിയിരിക്കുന്നു.

അത്ഭുതകരവും ബഹുമാനകരവുമായ ഒരു ശക്തിയൊ ആകൎഷണീയതയൊ എന്തോ അതിൽ ഉണ്ടെന്നു് മറിയത്തിനു തോന്നി. അവൾ ഭയപ്പെട്ടില്ല. അവൻ യുവാവായ തോബിയാസിനു പ്രത്യക്ഷപ്പെട്ടിട്ടുള്ളതുപോലെയൊ, ദേവാലയത്തിലെ വൃദ്ധജനങ്ങൾ തന്നോടു പറഞ്ഞുതന്നിട്ടുള്ളതുപോലെയൊ ഉള്ള യഹോവായുടെ ദൂതന്മാരിൽ ഒരുവനെപ്പോലെ ഇരിക്കുന്നു. എങ്കിലും അവൻ ആരെന്നു അവൾക്കു സൂക്ഷ്മമായി അറിഞ്ഞുകൂടാ. അവൾ അവൻെറ വാക്കുകളെ ശ്രദ്ധിക്കുന്നുണ്ടു്; എന്തെന്നാൽ ഏതോ അധികാരശക്തിയോടുകൂടിയാണു് അവൻ സംസാരിക്കുന്നതു്.

ഗബ്രിയൽ:- (ഒരു സന്ദേശവാഹകൻെറ സ്വരത്തിൽ) ഞാൻ നിന്നോടു പറയുന്നു: "നീ നിൻെറ ഉദരത്തിൽ ഗൎഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും; അവനെ ഈശോയെന്നു

പേരു വിളിക്കുകയും ചെയ്യും." (മറിയം അവൻെറ കണ്ണുകളിൽ തന്നെ നോക്കിക്കൊണ്ടു നില്ക്കുന്നു.) "അവൻ വലിയവനായിരിക്കും; അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടുകയും ചെയ്യും. അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കത്താവു് അവനു ദാനം ചെയ്യും. യാക്കോബിൻെറ ഗൃഹത്തിൽ അവൻ എന്നെന്നേയ്ക്കും വാഴുകയും ചെയ്യും. അവൻെറ രാജ്യത്തിനു അവസാനമുണ്ടാകുകയില്ല.

ഈ വാക്കുകളെപ്പററി മറിയം അവളുടെ മനസ്സിൽ നല്ലതുപോലെ ചിന്തിക്കുന്നു. ഹൃദയം ശക്തിയായി ഇടിക്കുന്നു. ദേഹമാകെ പുളകം കൊള്ളുന്നു. എന്തോ ചോദിക്കുന്നതിന്നായി അവൾ വളരെ വിഷമിക്കുന്നു. അവൻ പറഞ്ഞതെല്ലാം അവൾ കേൾക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്തു. അവൻ ദൈവത്തിൻെറ ഒരു മാലാഖതന്നെ. പക്ഷെ ദൈവത്തോടു ചെയ്തിട്ടുള്ള ആ വ്രതവാഗ്ദാനമോ? യൌസേപ്പുമായി ചെയ്ത ഖരാറോ? അവൾ നടുങ്ങി. ഇതിൽ എന്തോ പിശകുണ്ടു്.

മറിയം:- (ശാന്തയായി) "ഇതെങ്ങിനെ സംഭവിക്കും? എന്തെന്നാൽ ഞാൻ പുരുഷനെ അറിയുന്നില്ല."

ഗബ്രിയൽ:- (പെട്ടെന്നു, ആ ചോദ്യംതന്നെ ഉദ്ദേശിച്ചിരുന്നാൽ എന്നപോലെ) "പരിശുദ്ധാത്മാവു് നിന്നിൽ എഴുന്നെള്ളും. അത്യുന്നതൻെറ ശക്തി നിൻെറമേൽ നിഴലിക്കുകയും ചെയ്യും. ആകയാൽ, നിന്നിൽനിന്നു പിറക്കാനിരിക്കുന്ന ആ പരിശുദ്ധൻ ദൈവത്തിൻെറ പുത്രൻ എന്നു വിളിക്കപ്പെടും."

അവൻ പറയുന്നതിൻെറ അത്ഥമെന്താണെന്നു മറിയത്തിനു മനസ്സിലായി. ഇക്കാലമെല്ലാം തങ്ങൾ പാത്തിരുന്ന മ്ശിഹായെപ്പററിയാണു് അവൻ സംസാരിക്കുന്നതു്! ശരി എന്നാൽ ഇതേപ്പററി അവളോടു പറയുവാൻ അവനു് എന്തു് അവകാശമാണുള്ളതു്? മറിയത്തിൻെറ മുഖം രക്തമയമാകുന്നു. ശങ്ക ശക്തിയായി തുടിക്കുന്നു. ഇതൊരു സ്വപ്നമോ? അതേ ബുദ്ധിഭ്രമമോ?

പക്ഷെ ഇപ്പറഞ്ഞതെല്ലാം മിശിഹായെപ്പററിയുള്ള പ്രവചനങ്ങളുടെ ഒരു പൂർത്തീകരണമായിരിക്കാം. അതു സത്യമാണോ? കണ്ടാലും ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻെറ പേർ എമ്മാനുവൽ എന്നു വിളിക്കപ്പെടും" എന്നല്ലേ ഇസയാസു പറഞ്ഞത്. അതാണോ ഇപ്പറഞ്ഞത്. ഹേയ് അല്ല. ഒരിക്കലുമല്ല. ഇത് വിശ്വാസയോഗ്യമായിരിക്കുന്നില്ല. മറിയത്തിൻെറ ഈ സംശയം ഗബ്രിയൽ നല്ലവണ്ണം മനസ്സിലാക്കിയെന്നുതോന്നുന്നു:

ഗബ്രിയൽ: "ഞാൻ നിങ്ങൾക്ക് ഒരു അടയാളം തരാം. നിങ്ങളുടെ പിതൃവ്യയായ എലിസബത്ത്, അവളുടെ വാർദ്ധക്യദശയിൽ ഒരു പുത്രനെ ഗർഭംധരിച്ചിരിക്കുന്നു. വന്ധ്യയെന്നു വിളിക്കപ്പെട്ടിരുന്ന അവൾക്ക് ഇതു ആറാം മാസമാണ്. ദൈവത്തിനു അസാദ്ധ്യമായി ഒന്നുമില്ല."

മറിയം അത്ഭുതചിത്തയായി മിഴിച്ചുനോക്കുന്നു. അവളുടെ പിതൃവ്യ എലിസബത്തോ? ഗർഭിണിയൊ? വാസ്തവമോ? അതു വാസ്തവമാണെങ്കിൽ ഈ സന്ദേശവും വാസ്തവമാകുകയില്ലേ? മറിയം നമ്രശിരസ്കയായി. കണ്ണുകൾ പാദങ്ങളിൽ പതിഞ്ഞു. അധരങ്ങൾവിറച്ചു. ഒരു ശീതജ്വരം അവളെ ബാധിപ്പിക്കുന്നതായിത്തോന്നി. അവൾ വേപഥുഗാത്രിയായി. ഈ സംഭ്രമങ്ങൾക്കിടയിലും ഒരു സംഗതിമാത്രം വ്യക്തമായി അവളുടെ മനസ്സിൽ പതിഞ്ഞിട്ടുണ്ട്. "അത്യുന്നതൻെറ ശക്തിയാൽ അവൾ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ദൈവത്തിൻെറ പുത്രൻ എന്നു വിളിക്കപ്പെടും." അതാണ് ആ മനുഷ്യൻ പറഞ്ഞതിൻെറ അർത്ഥം. ആ നിമിഷത്തിൽതന്നെ അവൾ മരിക്കുമെന്നു തോന്നി. മറിയം കൈത്തലംകൊണ്ടു മുഖം മൂടി. അവളിതെങ്ങനെ സഹിക്കും? ഇതധികമല്ലേ?

ഗബ്രിയൽ:- ഞാൻ ദൈവത്തിൻെറ തിരുമുൻപിൽനില്ക്കുന്ന ഗബ്രിയലാണ്. ഈ മംഗലവാർത്തകളെ ഭവതിയോട്ട് അറിയിക്കുന്നതിനാണ് ഞാൻ നിയുക്തനായിരിക്കുന്നത്

മറിയം അവനെ പകച്ചുനോക്കുന്നു. അവനാകട്ടെ അവളു

ടെ മറുപടി കാത്ത് ഇതാ അവിടെത്തന്നെ നില്ക്കുന്നു. അവൾ മറുപടി പറഞ്ഞ മതിയാവു. എന്നാൽ ദൈവത്തോട്ട മറുതലിക്കാമോ? വേപഥുഗാത്രിയായിച്ചമഞ്ഞ മറിയം ഉണങ്ങിവരണ്ട തന്റെ ജിഹ്വാഗ്രങ്ങളേയും അധരങ്ങളേയും ഉമിനീരാൽ നനയ്ക്കുന്നു. ഭയാഹിതയായി, നിശ്ചഞ്ചലയായി, അവൾ ഗബ്രിയലിനെ നോക്കിക്കൊണ്ടു പറയുന്നു:

മറിയം:- ഇതാ കർത്താവിന്റെ ദാസി. നിന്റെ വചനംപോലെ എന്നിൽ സംഭവിക്കട്ടെ.

തൽക്ഷണം ഗബ്രിയൽ അപ്രത്യക്ഷനായി. ക്ഷീണിതഗാത്രിയായ മറിയം വിറയെഴുന്ന തന്റെ കരതലങ്ങളെക്കൊണ്ടു മുഖം മൂടുന്നു. അവൾ നമ്രശിരസ്കയായി പ്രണാമപൂർവ്വം തറയിൽ വീണു. നഭശ്ശിഖാന്തം വിയർപ്പണിഞ്ഞു. ആ മറിയെ ആവരണം ചെയ്തിരുന്ന 'അദൃശ്യ'മേഘത്തെ പരിശുദ്ധാത്മാവ് ജാജ്ജ്വല്യമാനമായവിധം പ്രകാശിപ്പിച്ചു. ആ മനോഹര മേഘം ദാവീദിന്റെ നന്ദിനിയെ, ഒരു വീരവാളിപ്പട്ടെന്നപോലെ ആവരണം ചെയ്തു.

* * * *

യോഹന്നാൻ തന്റെ നേത്രങ്ങളെ മന്ദമായി അടച്ചു. ക്ഷീണിതഗാത്രനും, അഞ്ജലീബന്ധിതനുമായ അദ്ദേഹം തന്റെ ശിരസ്സിനെ മേശപ്പുറത്ത്, കരതലങ്ങളിലേക്ക് അണച്ചു. ഒന്നുരണ്ടു നിമിഷങ്ങൾക്കുശേഷം തലയുയർത്തി ദീർഘമായൊന്നു നിശ്വസിച്ചുകൊണ്ട് യോഹന്നാൻ എഴുന്നേററു തന്റെ കസേരയിൽ ഇരുന്നു. ആ വൃദ്ധൻ അറിയാതെതന്നെ നേത്രങ്ങളിൽനിന്നു സന്തോഷാശ്രുക്കൾ പ്രവഹിച്ചുകൊണ്ടിരുന്നു. പേനാ എടുത്തു; എന്നാൽ എഴുതേണ്ട അടുത്തവരി എന്തെന്ന് അല്പം സംശയിച്ചു; അനന്തരം,

യോഹന്നാൻ:- വചനംമാംസമായി നമ്മുടെയിടയിൽ വസിച്ചു. അങ്ങെ മഹത്വം, പിതാവിൽനിന്നുള്ള ഏകജാതനും സത്യവും കൃപയും നിറഞ്ഞവനുമെന്നുള്ള മഹത്വം, നാം കാണുകയും ചെയ്തു

# ഹേറൊദിയാപുത്രി.

(വഞ്ചിപ്പാട്ട്.)

സൂചനം:- വി. സ്നാപകയോഹന്നാന്റെ ശിരച്ഛേദനാനന്തരമുള്ള ഹേറൊദിയാപുത്രിയുടെ ഈ കഥ തകിടിയേൽ മി. ഇട്ടിമാത്തൻ എന്നൊരാളാൽ വിരചിതമാണെന്നു വിചാരിക്കപ്പെടുന്നു. കല്ലിട്ടകത്തിൽ ജോസഫ് അവർകൾ ഒരു പഴയ ഗ്രന്ഥത്തിൽനിന്നും പകർത്തി അയച്ചുതന്നിട്ടുള്ള ഈ പദ്യത്തിൽ ഞങ്ങൾ യാതൊരു മാററവും ചെയ്തിട്ടില്ല. മാന്യ വായനക്കാർക്കു രുചിക്കുമെങ്കിൽ മററു ഭാഗങ്ങളും അചിരേണ പ്രസിദ്ധപ്പെടുത്തുന്നതാണ്. ക. ദീ. പ.

തൃപ്തിയോടെയരചനും ബാലയും മാതാവുമായി
അല്പകാലം സുഖത്തോടെ വസിച്ചശേഷം ||

സർവ്വശക്തൻ തനിക്കുള്ള നീതിയങ്ങു ദുഷ്ടരോടു
ഉർവ്വിമർത്ത്യരറിവതിന്നറിയിച്ചല്ലം ||

രാജധാനിവിട്ടൊഴിവാൻ സംഗതിവന്നിരുവർക്കും
യശസ്സും ശോഭയും മാറീട്ടഷ്ടിയുംമുട്ടി ||

ഉന്നതമാം മന്ദിരത്തിൽ സുഖിച്ചോരു നാരിമാരും
അന്നഭക്ഷ്യം കഴിക്കാഞ്ഞിട്ടുഴലുന്നേററം ||

ഊനമൊന്നും നിനക്കാതെ ഹേറദിയാപുത്രിതാനും
മാനമെന്യേ ഭിക്ഷയേററുനടന്നുകൊണ്ടാൾ ||

ദണ്ഡു കയ്യിലേന്തിയമ്മ പെണ്ണുതോളിൽ പോക്കണവും
പൊണ്ണനായ ചോരപ്പാത്രം ധരിച്ചാരന്നു ||

പട്ടണത്തിൽനടന്നേററം ഭക്ഷണത്തെയിരന്നിട്ടു-
മുട്ടു പശ്ശിക്കൊരിക്കലും ശമിച്ചീടാതെ ||

ഒട്ടുനാളെ നടന്നപ്പോൾ കുഷ്ഠരോഗംപിടിപെട്ടു
ദുഷ്ടമാതാവേകമുട്ടി കിടപ്പിലായി ||

പെണ്ണുതന്നെ നടക്കയും കണ്ടവരാൽ ദ്വേഷിക്കയും
പിണ്ഡമുട്ടുള്ളിടത്തൊക്കെ ഗമിച്ചീടുന്നു ||

നാരിരൂപമെന്നു ചൊൽവാൻ നരന്മാരാലെളുതല്ലാ
വാരിയെല്ലും തൊലിയല്ലാതില്ലവൾക്കേതും ||

ഊട്ടുപന്തിയന്വേഷിച്ചു വീട്ടിലേക്കു കടക്കുമ്പോൾ
ആട്ടിയുന്തിജ്ജ്യേഷ്ഠനന്നൊ താഡനം ചെയ്തു ||

ഗോഷ്ഠികണ്ടിട്ടൊട്ടുജനം കൊട്ടുവേണ്ടാനിനക്കെങ്കിൽ
വീട്ടിൽനിന്നും ജന്തുവേ നീ കടക്കെന്നിതരം ||

വീണുരുണ്ടങ്ങെഴുന്നേററു വീട്ടുകാരെ ശപിക്കയും
പാണികൊണ്ടിട്ടലച്ചുള്ള വിലാപം കേൾക്കാം ||

ചോററുകൊട്ട ചുമക്കുന്ന കാവുകോലാലോടിയെത്തി
തെററിവീണുപിടച്ചേററു വിലാപിച്ചോട്ടെ ||

ദൃഷ്ടിയുള്ള ജനങ്ങളിലൊരുത്തർക്കും കണ്ടുകൂടാ
സൃഷ്ടിനാഥൻ കോപമായിവന്നതിന്മൂലം ||

അത്തലോടെ നടന്നിട്ടും ക്ഷുത്തുദാഹം വളർന്നിട്ടും
ചിത്തഖേദമകററുവാനില്ലവൾക്കാരും ||

കണ്ണുനീരുപൊഴിക്കയും തണ്ണിനോക്കി നടക്കയും
എണ്ണലോടെ പെണ്ണുതാനും ഗംഗയിൽപുക്കു ||

ജലപാനംചെയ്വതിന്നായി തൊട്ടനേരം ജലമെല്ലാം
ബലപ്പെട്ടു കല്ലുപോലെ ഉറച്ചു കഷ്ടം ||

സംഭ്രമത്താൽ പാറയെന്നു നിനച്ചവൾ നടക്കുമ്പോൾ
അത്ഭുതമപ്പാറപൊട്ടി താണതിൽപ്പാപി ||

വെടിഞ്ഞൊരുപാറക്കൂടി കണ്ഠഭാഗത്തടുത്തപ്പോൾ
വെടിയുണ്ടപോലെ തലതെറിച്ചുദൂരെ ||

വാളുകൊണ്ടു യോഹന്നാനെ കൊന്നതിന്റെകാരണിയെ
ഓളത്താലെ സംഹരിച്ചു സത്യനാം ദൈവം ||

പഞ്ചപാപി തനിക്കുള്ള ദുർമ്മരണംകണ്ടുജനം
നെഞ്ചകത്തിൽ തമ്പുരാനെ ഭയന്നാരേററം ||

# കഷ്ടപ്പാടുകൾ എന്തിന്?

(ശ്രീമാൻ പി. സി. വക്കി, കൊററമം.)

"നാം സഹിക്കുന്ന കഷ്ടപ്പാടുകൾ നമ്മുടെ ഏതു് അപരാധത്തിൻെറ ശിക്ഷയായിട്ടാണ് ദൈവം നമുക്ക് അയച്ചുതന്നിട്ടുള്ളതു്" എന്ന വിചാരമാണ് വല്ല സങ്കടമോ, ആപത്തോ, കഷ്ടപ്പാടോ വന്ന് സംഭവിക്കുമ്പോൾ പലക്കും ഉണ്ടാകുന്നതു്. സങ്കടങ്ങളും, കഷ്ടപ്പാടുകളും, ആപത്തുകളും സഹിക്കുവാൻവേണ്ട ബലവും, ക്ഷമയും സർവ്വശക്തനായ ദൈവത്തോട് അപേക്ഷിക്കുന്നതിനുപകരം നാം ആവലാധി പറയുവാൻ ആരംഭിക്കുന്നു. "അവിശ്വാസികളായ മനുഷ്യർ" എന്ന് നമ്മുടെ കർത്താവീശോമ്ശിഹാ തൻെറ ശിഷ്യന്മാർ സംശയിച്ചപ്പോൾ പറഞ്ഞ ആ വാക്യങ്ങളെത്തന്നെ നമുക്ക് തന്നത്താൻ പറയാം. അല്പവിശ്വാസികളായ നമ്മൾ ദൈവത്തിൻെറ രഹസ്യങ്ങൾ ഒന്നും അറിയുന്നില്ല. നമുക്ക് ഏതെങ്കിലും കഷ്ടപ്പാടുകളോ, സങ്കടങ്ങളോ ദൈവം യാത്രയാക്കുമ്പോൾ നാം അങ്ങയോട് അതിൻെറ കാരണങ്ങൾ അന്വേഷിക്കാൻ ഒരിക്കലും ശ്രമിക്കരുതു്. നാം അപ്രകാരം ചെയ്യുന്നുവെങ്കിൽ പല അവസരങ്ങളിലും ദൈവത്തോട് മറുതലിച്ചു് ചെയ്തിട്ടുള്ള അനേകായിരം പാപങ്ങളെ നമ്മുടെ മനോദൃഷ്ടിയ്ക്കു് വിഷയമാക്കിക്കൊണ്ടു് നമ്മളെ ലജ്ജിപ്പിക്കാൻ ദൈവത്തിനു് നിഷ്പ്രയാസം സാധിക്കുന്നതാണ്. നാം എത്രമാത്രം പാപങ്ങളാണ് ദിവസംതോറും ചെയ്യുന്നതു്. എന്നാൽ അതിനെക്കുറിച്ചു് നാം ഒരിക്കലെങ്കിലും ആവലാധിപ്പെട്ടിട്ടുള്ളതു് വളരെ ദുർല്ലഭമാണ്. നാം നിസ്സാരങ്ങളായ കഷ്ടപ്പാടുകൾ അനുഭവിക്കുമ്പോൾ ആവലാധിപ്പെടാറുണ്ടു്. ഹാ! കഷ്ടമേ കഷ്ടം. നാം ഇപ്രകാരം പ്രവൃത്തിക്കുന്നതു് ക്രൂശിൽ തൂങ്ങി മരിച്ച മ്ശിഹായിൽ സ്നേഹമില്ലാഞ്ഞിട്ടല്ലയോ. നമ്മുടെ ആദിപിതാവു് ചെയ്ത പാപം കാരണത്താൽ ശക്തിയുള്ളതും വലുപ്പമുള്ളതുമായ കണ്ണികളാകുന്ന ചങ്ങലകൊണ്ടു് മോക്ഷവാതിലുകൾ പൂട്ടപ്പെട്ടു. അതിനു പരിഹാരമായി മ്ശിഹാ കുരിശുമരണം ഹേതുവാൽ ആ ചങ്ങലകളെ പൊട്ടിച്ചു മോക്ഷവാതിലുകൾ തുറന്നു് നമ്മെ വി

ണ്ടുരക്ഷിച്ചു. ആ രക്ഷിതാവിനെ നാം സ്നേഹിക്കുന്നില്ല എങ്കിൽ നാം ഒരിക്കലും രക്ഷപെടുകയില്ല.

ഇഹത്തിലെ കഷ്ടപ്പാടുകൾ വരുവാനിരിയ്ക്കുന്ന ലോകത്തിലെ ശിക്ഷയോട് തുലനംചെയ്യുന്നതായാൽ കേവലം നിസ്സാരങ്ങളത്രേ. നിത്യത്വം: നിത്യത്വം! ഈ ഒരു ഓർമ്മ എല്ലായ്പ്പോഴും പ്രത്യേകിച്ച് പല ദുഃഖങ്ങളും, കഷ്ടപ്പാടുകളും നേരിടുമ്പോൾ നമ്മുടെ മനസ്സിൽ ഉണ്ടാകട്ടെ. ദാരിദ്ര്യവും, അതിൻെറ കഷ്ടപ്പാടുകളും, രോഗവും അതിൻെറ പീഡകളും ഇതുപോലെയുള്ള മററനവധി ജീവിതക്ലേശങ്ങളും നിത്യത്വത്തിൻെറ വെളിച്ചത്തിൽ മഹിമയുടെ മുടികളായി രൂപാന്തരപ്പെടുന്നു. നമുക്ക് സങ്കടങ്ങൾ വരുമ്പോൾ നാം മ്ശിഹായുടെ അടുക്കലേയ്ക്ക് പോകേണ്ടതാണ്. അവിടന്നു നമ്മെ ആശ്വസിപ്പിയ്ക്കും. അവിടന്നു നമ്മോടു ഇപ്രകാരം അരുളിച്ചെയ്യുന്നു. "ബുദ്ധിമുട്ടുന്നവരും ഭാരം വഹിക്കുന്നവരുമായുള്ളവരേ നിങ്ങൾ എൻെറ പക്കൽ വരുവിൻ! ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. നിങ്ങൾ കരഞ്ഞു പ്രലപിക്കും, ലോകമോ സന്തോഷിക്കും. നിങ്ങൾ ദുഃഖിക്കുകയും ചെയ്യും. എന്നാലും നിങ്ങളുടെ ദുഃഖം സന്തോഷമായി തീരുമെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. ഒരു സ്ത്രീ പ്രസവിക്കുമ്പോൾ, അവളുടെ പ്രസവസമയം വന്നതുകൊണ്ടു അവൾക്ക് കഷ്ടപ്പാടുകളും വ്യസനവുമുണ്ടായിരിക്കും. എന്നാൽ അവൾ കുട്ടിയെ പ്രസവിച്ചതിനുശേഷം ഒരു മനുഷ്യൻ ലോകത്തിലേയ്ക്കു ജാതനായി എന്നുള്ള അതിരററ സന്തോഷം കൊണ്ട് അവൾ പിന്നെ ആദ്യത്തെ കഷ്ടപ്പാടുകളേയും, ദുഃഖത്തേയുംപ്പററി അവൾക്ക് ഒരു ഓർമ്മയും ഉണ്ടാകുന്നില്ല. ഇപ്രകാരം നിങ്ങൾക്കും ഇപ്പോൾ ഒരു ദുഃഖം ഉണ്ടായിരിക്കുന്നു. എന്നാൽ വീണ്ടും നിങ്ങളെ ഞാൻ കാണുമ്പോൾ നിങ്ങളുടെ മനസ്സ് സന്തോഷിക്കും. നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്ന് അപഹരിച്ച് എടുത്തുകളകയില്ലയെന്നു നിങ്ങളുറപ്പായി വിശ്വസിയ്ക്കുവിൻ."

ഐഹികജീവിതത്തിൽ സകലരും കഷ്ടപ്പാടുകൾ സഹിച്ചേ മതിയാവൂ. കുബേരനും, കുചേലനും; കുലീനനും, കുലഹീ

നനും; ബാലനും, വയോധികനും എന്നുവേണ്ട സകലരും ഈ നിയമത്തിനധീനർതന്നെ. കഷ്ടപ്പാടുകളും, സങ്കടങ്ങളും നമ്മുടെ പൂർവ്വികന്മാർ വളരെ അനുഭവിച്ചിട്ടുണ്ടെന്ന് ചരിത്രംവഴിയായി നാം അറിയുന്നു. ദാരിദ്ര്യം, അപമാനം, കഷ്ടപ്പാട് ദുഃഖം മുതലായവ നമ്മെ ലോകത്തിൽനിന്ന് അകററി ദൈവരാജ്യത്തിലേയ്ക്കു അടുപ്പിയ്ക്കുന്ന ഉപകരണങ്ങളത്രെ. ഇതുകൊണ്ടുതന്നെയാണ് കഷ്ടപ്പാടുകളും, സങ്കടങ്ങളും അനുഭവിയ്ക്കുന്നവർ ഭാഗ്യവാന്മാരാകുന്നുവെന്ന് കർത്താവു പലപ്പോഴും അരുളിച്ചെയ്തിട്ടുള്ളത്. 'ദാരിദ്ര്യദുഃഖമനുഭവിയ്ക്കുന്നവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാണ്. കരയുന്നവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും.' ഇതാകുന്നു നിത്യഭാഗ്യത്തിന്റെ വാഗ്ദാനം. നമ്മുടെ സൃഷ്ടിതാവും രക്ഷിതാവുമായ അവിടത്തേയ്ക്കുവേണ്ടി എത്രകഷ്ടപ്പാടുകൾ തന്നെ സഹിയ്ക്കുന്നതിനും നാം ഒരിക്കലും വൈമനസ്യം കാണിക്കരുത്.

ഈ ലോകജീവിതത്തിലെ കഷ്ടപ്പാടുകൾ ക്ഷമയോടും, സന്തോഷത്തോടും സഹിച്ച പുണ്യപുരുഷന്മാർ ഇപ്പോൾ സ്വർഗ്ഗരാജ്യത്തിൽ അനുഭവിക്കുന്ന നിത്യാനന്ദഭാഗ്യം എത്ര വിലയേറിയതാകുന്നു. നാല്പതുവർഷത്തോളം കഠിനപീഡയാൽ പീഡിപ്പിയ്ക്കപ്പെട്ടിരുന്ന ലൃർധാവിൻ എന്ന പുണ്യവതി എല്ലായ്പോഴും പ്രസന്നവദനയായി കാണപ്പെട്ടിരുന്നു. ഫ്രാൻസിലെ രാജാവായ വി. ലൂയീസ് താൻ ഈജിപ്തിൽ ഒരു തടവുകാരനായി കഴിഞ്ഞ കാലത്തെക്കുറിച്ചു ഇപ്രകാരം പറഞ്ഞിരുന്നുപോൽ: "ലോകം പിടിച്ചടക്കുന്നതിനുള്ള ഭാഗ്യം എനിയ്ക്ക് സിദ്ധിച്ചിരുന്നുവെങ്കിൽ ഞാൻ ദൈവത്തോട് എത്രമാത്രം നന്ദി പ്രദർശിപ്പിയ്ക്കുമാറായിരുന്നുവോ അതിലും ഉപരിയായ നന്ദി, എന്റെ തടവുകാലത്ത് ദൈവം എനിയ്ക്ക് നൽകിയ ക്ഷമയ്ക്കുവേണ്ടി ഞാൻ പ്രകാശിപ്പിയ്ക്കുന്നു." ഈയോബ്ബ് പരീക്ഷയാൽ പീഡിപ്പിയ്ക്കപ്പെട്ട് ശരീരികമായുള്ള അരിഷ്ടതകൾ അനുഭവിച്ചതിനുപുറമെ തന്റെ സ്വത്തുക്കൾ മുഴുവനും പൊയ്പോയിയെന്നറിഞ്ഞിട്ടുകൂടിയും

അക്ഷമനാകാതെ ദൈവത്തിൽ ശരണപ്പെട്ടിരുന്ന സംഗതിയും ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്. കലസാസ്സിലെ വി. യൗസേപ്പ്, "സ്വർഗ്ഗം നമ്മുടെ സമ്മാനമായിട്ടുള്ളപ്പോൾ ഈ ഭൂമിയിൽ നാം സഹിയ്ക്കുന്ന കഷ്ടാരിഷ്ടതകളും ബുദ്ധിമുട്ടുകളും കേവലം നിസ്സാരങ്ങളത്രെ." എന്നു പറയുന്നു. ദൈവം തൻെറ പ്രിയപുത്രനായ മ്ശിഹായ്ക്കുകൊടുപ്പാൻ സങ്കടങ്ങളേക്കാൾ ശ്രേഷ്ഠതരമായ ഒരു സമ്മാനം കണ്ടില്ല. അതുകൊണ്ട് സ്വർഗ്ഗപ്രാപ്തിയ്ക്ക് ആഗ്രഹിയ്ക്കുന്ന നാമെല്ലാവരും നമുക്കു യാത്രയാകുന്ന കഷ്ടപ്പാടുകളെയെല്ലാം ക്ഷമയോടും സന്തോഷത്തോടുംകൂടി സഹിച്ച് മ്ശിഹായോടുകൂടി വസിയ്ക്കുന്നതിന് നമുക്ക് ഓരോരുത്തർക്കും ഭാഗ്യം ലഭിക്കട്ടെ.

# ഒരു യഥാർത്ഥ ജീവിതനവീകരണം.

പതിനേഴാം നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ, സ്വിത്സർല്ലണ്ടിൽ ബെയിൽ എന്ന സ്ഥലത്തുള്ള ക്രിമിനാൽക്കോട്ടിലെ ന്യായാധിപന്മാർ, തൂക്കിലിടുന്നതിന് വിധിക്കപ്പെട്ട ഒരു മഹാവഞ്ചകനെ മരണത്തിന് ഒരുക്കുന്നതിനായി ഒരു സന്യാസ വൈദികനെ ക്ഷണിച്ചു. അദ്ദേഹത്തെ തടവുകാരനൊന്നിച്ചു ഒരു കപ്പേളയിൽ ആക്കിയതിൻെറ ശേഷം അവർ വാതിൽ പൂട്ടി. അദ്ദേഹം ആ പാതകന്നു പാപബോധം വരുത്തുന്നതിനുവേണ്ടി ശ്രമിച്ചുവെങ്കിലും അയാൾ അതിൽ ഒട്ടും ശ്രദ്ധിക്കുന്നില്ലെന്നു കണ്ടു ഇങ്ങിനെ പറഞ്ഞു:

"എൻെറ സ്നേഹിത, നിങ്ങളുടെ അന്ത്യം അടുത്തിരിക്കുന്നു എന്നു നിങ്ങൾ ഓർക്കണം"

"അച്ചൻ പറഞ്ഞതു ശരിയാണ്. അതേ, ഞാൻ എൻെറ വിധിക്കു കീഴ്പ്പെടേണ്ടവനാണ്. എന്നാൽ അച്ചനു എന്നെ മരണത്തിൽനിന്നും രക്ഷിക്കാൻ കഴിയുമെന്നുള്ള വിചാരം, എൻെറ ജീവനോടു പ്രതിപത്തിമൂലം എനിക്കു ഉപേക്ഷിക്കാൻ

പാടില്ല."

"നിങ്ങളെ മരണത്തിൽനിന്നും രക്ഷിക്കാനോ? എനിക്കു അതു എങ്ങിനെ സാധിക്കും? എനിക്കു അങ്ങിനെ ചെയ്വാനുള്ള ശക്തിയുണ്ടെന്നു സമ്മതിച്ചാൽതന്നെയും ഞാൻ എങ്ങിനെ അതിനു ധൈൎയ്യപ്പെടും? ഞാൻ നിങ്ങൾക്കു വീണ്ടും ദുൎമ്മാൎഗ്ഗജീവിതം നയിക്കുന്നതിനു സൌകൎയ്യമുണ്ടാക്കിത്തരികയായിരിക്കയല്ലെ അതു്?"

"അച്ഛ, അതുമാത്രമാണു് എനിക്കു മോചനം നല്കുന്നതിനു തടസ്സമെങ്കിൽ അച്ഛൻ എന്റെ വാക്കിൽ വിശ്വസിച്ചാൽമതി! എന്റെ കഴിഞ്ഞകാലത്തിലെ ലജ്ജാകരമായ ജീവിതം ഇനി ഒരിക്കലും ഞാൻ തുടരുകയില്ല. അച്ഛ, ഞാൻ ചെയ്തുപോയ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനും എന്റെ ദുഷ്കൃത്യങ്ങളുടെ സ്മരണയെ മായ്ച്ചുകളയുന്നതിനും ഞാൻ എന്റെ സൎവ്വശക്തികളും പ്രയോഗിക്കുന്നതാണു്."

ആ തടവുകാരന്റെ പരമാൎത്ഥമായ മനസ്താപവും വശ്യവാക്കുകളും ആ സന്ന്യാസിയെ ഒടുവിൽ സംതൃപ്തനാക്കി. ഇനി അവനെ വിട്ടയയ്ക്കാനുള്ള മാൎഗ്ഗമെന്തെന്നായി ആലോചന.

ആ കപ്പേളയിൽ വെളിച്ചം പ്രവേശിക്കുന്നതിനായി മേൽപ്പുരയുടെ സമീപം ഒരു ജനൽ വെച്ചിട്ടുണ്ടു്. അതിന്റെ താഴത്തെപടി തറയിൽനിന്നും ഏകദേശം പത്തടി മുകളിലാണു്.

"അച്ഛൻ ആ ജനലിനുസമീപം കസേരയിട്ടു്, അതിന്മേൽ കയറിനിന്നാൽമതി. ഞാൻ അച്ഛന്റെ ചുമലിൽ ചവുട്ടി ആ ജനലിൽപിടിച്ചുകയറി പുറത്തുപൊയ്ക്കൊള്ളാം" എന്നു ആ തടവുകാരൻ പറഞ്ഞു.

വൈദികൻ അതിനു സമ്മതിക്കതന്നെചെയ്തു. അവൻ ജനലിൽക്കൂടി കടന്നുപോയതിന്റെശേഷം അദ്ദേഹം ജപപ്പുസ്തകമെടുത്തു് നമസ്കാരമെത്തിക്കാൻ തുടങ്ങി. മതോപദേശത്തിന്റെ അവസാനവും പ്രതീക്ഷിച്ചുകൊണ്ടു പുറത്തുനിന്നിരുന്ന ആരാച്ചാർ നിശ്ചിതസമയം കഴിഞ്ഞല്ലൊ എന്നു വിചാരിച്ചു, രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ അവരെ വിവരമറിയിക്കു

ന്നതിനുവേണ്ടി വാതിൽ തുറന്നു. വൈദികനെമാത്രം കാണുക യാൽ, തടവുകാരൻ എവിടെയാണെന്നു അയാറം ചോദിച്ചു.

"തടവുകാരനോ ? അയാറം കുറച്ചുമുമ്പു ആ ജനലിൻ ക്രൂടി കടന്നുപോയി" എന്നു വൈദികൻ പറഞ്ഞു.

"അച്ചൻ എന്നെ കളിയാക്കുകയാണോ" എന്നു പറഞ്ഞു കൊണ്ടു അയാറം ജഡ്ജിമാരെ വിവരമറിയിക്കുന്നതിനായിപോയി.

ജഡ്ജിമാർ വന്നപ്പോറം അവക്കും അതേ മറുപടിയാണ് ലഭിച്ചതു്. കൂടാതെ മരണത്തിനു വിധിക്കപ്പെട്ടയാളെ അതിനു തയ്യാറാക്കുന്നതിനുമാത്രമാണ് തന്നെ ഏല്പിച്ചിരുന്നതെന്നും അയാളുടെ കാവൽജോലി താൻ ഏററിട്ടില്ലായിരുന്നു എന്നും വൈദികൻ പറഞ്ഞു.

"അദ്ദേഹം അതിന് ഉത്തരവാദിയല്ല. അദ്ദേഹത്തെ കാവല്ക്കാരൻെറ ജോലി ഏല്പിച്ചിട്ടുമില്ലായിരുന്നു." എന്നു ജഡ്ജിമാർ പരസ്പരം പറഞ്ഞു.

വൈദികൻെറപേരിൽ അവർ യാതൊരു നടപടിയും നടത്താതെ സ്ഥലംവിട്ടു. തടവുകാരനെപ്പററി ഒരു തുമ്പും കിട്ടിയില്ല.

ഇരുപതുകൊല്ലം കഴിഞ്ഞു് ഒരു ദിവസം ഫ്രാൻസിൻെറ ഉത്തരഭാഗത്തുള്ള തൻെറ സന്ന്യാസമന്ദിരത്തിൽനിന്ന് യാത്ര ചെയ്യുമ്പോറം ആ വൈദികൻ വഴിതെററി അർതെന്നാസ്സ് (Ardennes) വനത്തിൽക്കൂടി സഞ്ചരിക്കേണ്ടിവന്നു. നേരം സന്ധ്യയായതിനാൽ ആ രാത്രി അദ്ദേഹത്തിനു അവിടെ കഴിക്കേണ്ടതാവശ്യമായിരുന്നു. എന്നാൽ ഒരു കഷ്കൻ അദ്ദേഹത്തെ കണ്ടു്, തൻെറ അടുത്തുള്ള ഭവനത്തിൽ തന്നോടുകൂടെ രാത്രി കഴിപ്പാൻ ക്ഷണിച്ചു. അയാളുടെ നിബ്ബന്ധവും തൻെറ നേരെ സൂക്ഷിച്ചുള്ള അയാളുടെ നോട്ടവും മററും കണ്ടപ്പോറം വൈദികനു അല്പം പരിഭ്രമം തോന്നിയതിൽ വിസ്മയിക്കാനില്ലല്ലോ ? അദ്ദേഹം ഇനി എന്താണു ചെയ്യേണ്ടതു് ?

അവർ വേഗത്തിൽനടന്നു കഷ്കൻെറ വീട്ടിൽ എത്തി. അവിടെ ചെന്നയുടനെ അയാറം ഭായ്യയെവിളിച്ചു വിശേഷതര

മായ ഒരു ഭക്ഷണം തയ്യാറാക്കുന്നതിന്നു പറഞ്ഞു. അനന്തരം അതിഥിയോടു ഇരിക്കുന്നതിന്നു പറഞ്ഞതിന്റെശേഷം അയാൾ പുറത്തുപോയി തന്റെ രണ്ടു ആൺകുട്ടികളേയും മൂന്നു പെൺകുട്ടികളേയും കൂട്ടിക്കൊണ്ടുവന്നു.

“എന്റെ പ്രിയ കുട്ടികളേ, നിങ്ങൾ ഈ നല്ല അച്ഛനോടു നന്ദിപറയണം. ഇദ്ദേഹത്തിന്റെ സഹായമില്ലാതിരുന്നെങ്കിൽ നിങ്ങൾ എന്നെ ഇന്നിവിടെ കാണുകയില്ലായിരുന്നു. ഇദ്ദേഹമാണു ഒരിക്കൽ എന്റെ ജീവനെ രക്ഷിച്ചതു്.” എന്നു ആ കർഷകൻ പറഞ്ഞു.

വൈദികൻ ഒന്നുകൂടി അയാളെ സൂക്ഷിച്ചുനോക്കിയപ്പോൾ, ജനലിൽകൂടെ കടന്നു രക്ഷപ്രാപിച്ച ധീരനാണ് അയാൾ എന്നു മനസ്സിലായി.

“അച്ഛാ, ഞാൻ അച്ഛനോടു ചെയ്ത വാഗ്ദാനം നിറവേററിയിരിക്കുന്നു. ഞാൻ അവിടെനിന്നും നേരിട്ടു ഇങ്ങോട്ടാണു് പുറപ്പെട്ടതു്. ഞാൻ ഇവിടെ വന്നപ്പോൾ ഈ തോട്ടത്തിന്റെ ഉടമസ്ഥൻ ഇവിടത്തെ കാര്യസ്ഥനായി എന്നെ നിയമിച്ചു. ഞാൻ വിശ്വസ്തതയോടെ ജോലിചെയ്തു അദ്ദേഹത്തിന്റെ പ്രീതി സമ്പാദിച്ചു. അദ്ദേഹത്തിന്റെ ഏക കുമാരിയെ വിവാഹം ചെയ്യുന്നതിന്നുപോലും എനിക്കു അനുമതി ലഭിച്ചു. എന്റെ ഇപ്പോഴത്തെ സർവ്വ സൗഭാഗ്യങ്ങൾക്കും കാരണം അച്ഛനാണ്. എനിക്കു അല്പം സമ്പാദിക്കാനും സാധിച്ചിട്ടുണ്ടു്. എന്റെ നന്ദിയുടെ ലക്ഷ്യമായി അച്ഛനോടുകൂടെ അതു് അനുഭവിക്കാൻ എനിക്കു വളരെ സന്തോഷമുണ്ടു്.” എന്നു കർഷകൻ പറഞ്ഞു.

മുമ്പൊരിക്കൽ തടവുകാരനായിരുന്ന കർഷകനെ വിട്ടയയ്ക്കുന്നതിന്നു ആ സന്യാസിക്കു വല്ല സംശയവുമുണ്ടായിരുന്നെങ്കിൽ അതിപ്പോൾ പമ്പകടന്നിരിക്കുന്നു. അദ്ദേഹം അനേകദിവസങ്ങൾ ആ തോട്ടത്തിൽ സന്തോഷസമന്വിതം കഴിച്ചുകൂട്ടിയിട്ടുണ്ടു്.

# ആൺട് ഹെലൻെറ കത്തുകൾ.

'അമ്പതാം ഞായർ'

പ്രിയ കുട്ടികളേ,

വി. പൗലോസിൻെറ മറെറാരു ലേഖനം നിങ്ങൾ ഇന്നു സശ്രദ്ധം കേൾക്കുന്നുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾക്കു ഇച്ഛാഭംഗപ്പെടേണ്ടിവരികയില്ല അതു് അദ്ദേഹം കൊറീന്ത്യർക്കു എഴുതീട്ടുള്ള ഒന്നാം ലേഖനത്തിൻെറ ഒരു ഭാഗമാണു്.

അതും ഏററം മനോജ്ഞമായ ഒന്നുതന്നെ. കേൾവിക്കോ വളരെ മാധുര്യം! വിഷയമാണെങ്കിൽ അതിലും മനോജ്ഞം!! നിങ്ങൾക്കു ഇന്നു പൂർണ്ണമായി മനസ്സിലാവാത്ത ഭാഗം അതിൽ ഒട്ടുവളരെയുണ്ടായേക്കാം. എന്നാൽ നിങ്ങൾ അതുതന്നെ അടുത്ത കൊല്ലവും കേൾക്കുമ്പോൾ ഇന്നത്തേക്കാൾ കൂടുതലായ അറിവു നിങ്ങൾക്കുണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതെ, നിങ്ങളുടെ ജീവപര്യന്തം അതിനെ നിങ്ങൾ എത്ര പ്രാവശ്യം കേൾക്കുമോ, എത്ര പ്രാവശ്യം വായിക്കുമോ, എത്ര പ്രാവശ്യം അതേപ്പററി ചിന്തിക്കുമോ അത്രയ്ക്കു മനോഹരത നിങ്ങൾ അതിൽ കണ്ടെത്തും നിശ്ചയം.

എന്തുകൊണ്ടെന്നാൽ അദ്ദേഹം നമുക്കു ചൂണ്ടിക്കാണിച്ചുതരുന്ന ആ സ്നേഹം സാക്ഷാൽ ദൈവത്തിൻെറ സ്നേഹമാണു്. എന്നാൽ ഈ സ്നേഹം, നാം ഒരുപക്ഷെ ആയിരം കൊല്ലം ജീവിച്ചാലും, മുഴുവനായി ഗ്രഹിക്കുകയോ അളക്കുകയോ ചെയ്യാൻ വഹിയാത്തവിധം അത്രയ്ക്കു അമേയമാണു്.

'സ്നേഹം' എന്നു കേൾക്കുമ്പോൾ നാം അതിനെ സാധാരണമായി 'ചില നിർദ്ധനരും നിർഭാഗ്യരുമായ മനുഷ്യരോടു കാണിക്കപ്പെടാറുള്ള ദയ' എന്നോ മറേറാ ആണു് മനസ്സിലാക്കുന്നതു്. എന്നാൽ അതു്, വി. പൗലോസ് ഇന്നു നമ്മോടു പറഞ്ഞുതരുന്ന ആ ദൈവസ്നേഹത്തിൻെറ ഒരംശം മാത്രമാണു്. നമുക്കു സാക്ഷാൽ ദൈവസ്നേഹമുണ്ടെന്നുവരികിൽ നാം നമ്മുടെ പൂർണ്ണഹൃദയത്തോടുകൂടെ ദൈവത്തെ സ്നേഹിക്കുമെന്നതിനു യാതൊരു തർക്കവുമില്ല. ലോകത്തിലുള്ള എല്ലാ മനുഷ്യർക്കും ദൈവഛായയുണ്ടു് എന്നു നാം അറിയുന്നതുകൊണ്ടാണു് നാം എല്ലാവരെയും—

നമ്മോടു കരുണയില്ലാത്തവരേയും, കൊടുംപാപികളേയും കൂടെ-നാം സ്നേഹിക്കുന്നതു്. നമുക്കു ദൈവിക സ്നേഹമുണ്ടെന്നുവരികിൽ യേശു പ്രവൎത്തിച്ചതുപോലെതന്നെ നാം ഈദൃശരോടു വൎത്തിക്കും. നമ്മെ ദ്വേഷിക്കുന്നവൎക്കു നന്മ ചെയ്യും; ദുഷ്ടന്മാരിൽനിന്നു സാഹങ്കാരം ഒഴിഞ്ഞുപോകാതെ, അവൎക്കുവേണ്ടി പ്രാൎത്ഥിക്കയും, അവരെ വീണ്ടും ദൈവത്തിലേയ്ക്കു ആനയിക്കുന്നതിനു നമ്മാൽ പാടായ സമസ്തവും ചെയ്യും.

നമ്മെ പകെയ്ക്കുന്നവൎക്കു നന്മ ചെയ്യുക എന്നതു ഒരുവിധത്തിൽ പറഞ്ഞാൽ നമ്മുടെ സ്വഭാവത്തിനു വിരുദ്ധമായിട്ടുള്ളതാണ്. പാപകരമായ ജീവിതം നയിക്കുന്നവരുടെനേൎക്കു പക വിചാരിക്കാതിരിപ്പാൻ നമുക്കു പാടാകുന്നില്ല. എന്നാൽ നാം ചെയ്യേണ്ടതുപോലെ ചെയ്യുവാൻ ദൈവസഹായംകൂടാതെ സാധിക്കയുമില്ല. ഈ വിഷമകരമായ സംഗതികൾ ചെയ്യുന്നതിനുള്ള ശക്തി ദൈവമാണു നമുക്കു നൽകിക്കൊണ്ടിരിക്കുന്നതു്. നാം ഈ ശക്തിയെ "പുണ്യം" എന്നും സ്നേഹത്തെ "ദൈവികപുണ്യം" എന്നും പ്രായേണ വിളിച്ചുവരുന്നു.

ദൈവം നമുക്കു നിരവധി ദാനങ്ങൾ നൽകിയിട്ടുണ്ടു്. എന്നാൽ അവയിൽവച്ചു ഏററം വിലയേറിയവ പുണ്യങ്ങളാണ്. അവയിൽ പ്രധാനപ്പെട്ടവ വിശ്വാസം, ശരണം, സ്നേഹം എന്നിവയുമാകുന്നു.

വിശ്വാസം.— ഈ ദാനം എന്തെന്നു നമുക്കു ഏറക്കുറെ അറിയാം. ഇന്നു നാം ഈ ദൈവിക പുണ്യത്തെക്കുറിച്ചാണ് കൂടുതലായി കേൾക്കുന്നതു്. കുരുടനു കാഴ്ച കൊടുത്തപ്പോൾ കൎത്താവു അവനോടു പറഞ്ഞതെന്തെന്നു നിങ്ങൾ ഓൎക്കുന്നുണ്ടോ? "നീ കാഴ്ച പ്രാപിച്ചാലും; നിൻെറ വിശ്വാസം നിന്നെ സ്വസ്ഥനാക്കിയിരിക്കുന്നു" എന്നായിരുന്നു അതു്. കുഷ്ഠരോഗിയോടും, ശതാധിപനോടും പറഞ്ഞ വാക്കുകളും നിങ്ങൾ ഓൎക്കുന്നുണ്ടാവണം. ആകയാൽ വിശ്വാസം സാക്ഷാൽ ശക്തിയാണ് എന്നതിനു യാതൊരു സംശയവുമില്ല.

ശരണം.— ഈ ദൈവികപുണ്യമാകട്ടെ എത്ര വലിയ കഷ്ട

തകൾ നേരിട്ടാലും അവയിലൊന്നിലും നിരുത്സാഹം ജനിക്കാതിരിക്കത്തക്ക ശക്തിയെ പ്രദാനംചെയ്യുന്നു. സ്വാൎത്ഥതല്പരന്മാരും നീതിവിഹീനരുമായ ജനങ്ങൾ ജീവിതത്തിലെ സകല സമൃദ്ധികളും അനുഭവിക്കയും, എന്നാൽ ദൈവപ്രമാണങ്ങളെ അക്ഷരശഃ അനുഷ്ഠിച്ചുവരുന്നവർ കഷ്ടാരിഷ്ടതകളിൽപ്പെട്ടു നട്ടംതിരികയും ചെയ്യുന്നതു കണ്ടാൽപ്പോലും ഈ പുണ്യമുണ്ടെങ്കിൽ നിരുത്സാഹമോ നിരാശയോ ഏതുകപോലും ചെയ്കയില്ല. പ്രത്യുത, ആശ്വാസത്തേയും പ്രോത്സാഹനത്തേയും ആയിരിക്കും നമ്മിൽ അതു് ഉളവാക്കുന്നതു്. ബാഹ്യദൃഷ്ടിയിൽ എത്രയോ വിപരീതമായി കാണപ്പെട്ടാലും, എല്ലാം കണ്ടുകൊണ്ടിരിക്കുന്ന നീതിമാനായ ദൈവം ഒടുവിൽ അവിടുത്തെ നീതിക്കൊത്തവണ്ണം സമസ്തവും ശരിപ്പെടുത്തിക്കൊള്ളുമെന്ന ആശ്വാസം സാക്ഷാൽ സമാശ്വാസം തന്നെയായിരിക്കും.

സ്നേഹം.- വി. പൗലോസിന്റെ മനോഹരവചനങ്ങൾ കൂടാതെ ഇന്നത്തെ സുവിശേഷത്തിലും ദൈവികസ്നേഹത്തെ സംബന്ധിച്ച ഒരൊന്നാംതരം ദൃഷ്ടാന്തവുമുണ്ട്. അതിൽ യേശു തന്റെ ശിഷ്യരോടു ഇപ്രകാരം പറയുന്നതായി നാം കേൾക്കുന്നു: "ഇതാ നാം ജറുസലേമിലേയ്ക്കു പോകുന്നു. അവിടെ മനുഷ്യപുത്രനെക്കുറിച്ചു ദീൎഘദൎശികൾ രേഖപ്പെടുത്തിയിരിക്കുന്നതെല്ലാം നിൎവ്വഹിക്കപ്പെടും. അദ്ദേഹം പരിഹസിക്കപ്പെടുകയും, ചമ്മട്ടികൊണ്ടു അടിക്കപ്പെടുകയും, തുപ്പപ്പെടുകയും ചെയ്യും. മാത്രവുമല്ല, കശാദണ്ഡനത്തിനുശേഷം അവർ അദ്ദേഹത്തെ വധിക്കയും ചെയ്യും."

ഇതിനെക്കാൾ അധികമായ ഒരു സ്നേഹത്തെക്കുറിച്ചു - അതെ, സത്യദൈവമായ യേശുവിന്റെ - ഒരു ക്ഷണംകൊണ്ടു നമ്മെയെല്ലാം വീണ്ടും ശൂന്യാവസ്ഥയിലേയ്ക്കു തിരിക്കുവാൻ ശക്തിയുള്ള യേശുവിന്റെ - സമസ്ത സ്വൎഗ്ഗീയ ഭാഗ്യവും മാററിവച്ചുകൊണ്ടു ഈ ലോകത്തിൽ വന്നു നിരവധി കഷ്ടതകളനുഭവിച്ച് ഒടുവിൽ കുരിശുമരണം കൈവരിച്ച ആ യേശുവിന്റെ സ്നേഹത്തെക്കുറിച്ചു നിങ്ങൾക്കു ചിന്തിക്കുവാൻപോലും ശക്യമാ

ണോ? ഇങ്ങനെ ദൈവം നമ്മെ സ്നേഹിച്ചുവെന്നു നാം കാണുമ്പോൾ നാമെങ്ങനെയാണ് നമ്മുടെ പൂർണ്ണഹൃദയത്തോടുകൂടി അദ്ദേഹത്തെ സ്നേഹിക്കാതിരിക്കുക?

വീണ്ടും വി. അപ്പോസ്തലനെത്തന്നെ ശ്രവിച്ചാലും: "ഇപ്പോൾ ഇതാ വിശ്വാസവും ശരണവും സ്നേഹവും ശേഷിച്ചിരിക്കുന്നു. എന്നാൽ ഈ മൂന്നിൽ മഹത്തമം സ്നേഹമാകുന്നു." അതെ, പ്രിയ കുട്ടികളേ, ഉപവി അഥവാ ദൈവസ്നേഹമാണ് എല്ലാററിലും വലിയ പുണ്യം. വിശ്വാസവും ശരണവും സ്നേഹമാകുന്ന ആ ഉന്നതത്തിലേയ്ക്കു കയറുവാൻ സഹായിക്കുന്ന ഗോവണിപ്പടികളത്രെ. നാം ദൈവത്തിൻെറ യഥാൎത്ഥ സന്താനങ്ങളായി ജീവിക്കണമെങ്കിൽ ഇവ മൂന്നും നമുക്കാവശ്യമാണ്. നാം ആദ്യം ദൈവത്തിൻെറ സാക്ഷാൽ സന്താനങ്ങളായപ്പോൾ — നാം ജ്ഞാനസ്നാനം ഏററപ്പോൾ — ദൈവം, തൻെറ മണവാട്ടിയായ തിരുസ്സഭവഴിയായി അമൂല്യങ്ങളായ ഈ മൂന്നു പുണ്യങ്ങളും നമുക്കു തരികയുണ്ടായി. അവ നമ്മെ ദൈവവുമായി ബന്ധിക്കുകയത്രെ ചെയ്യുന്നത്. അവയെ നഷ്ടപ്പെടുത്തിക്കളയുന്നപക്ഷം നാം പെട്ടെന്നു ദൈവത്തിൽനിന്നു നിപതിച്ചുപോകുമെന്നതു അസന്നിഗ്ദ്ധമത്രെ. ആകയാൽ നമുക്കു അവയെ വളരെ ശ്രദ്ധയോടുകൂടി സൂക്ഷിക്കാം. നമുക്ക് ഭക്തനായ ക്ലെമെൻറു പാപ്പാ ചെയ്തിരുന്നതുപോലെ ദിവസംതോറും ഇപ്രകാരം പ്രാൎത്ഥിക്കുകയും ചെയ്യാം:

'ഓ, എൻെറ ദൈവമേ! ഞാൻ നിന്നിൽ വിശ്വസിക്കുന്നു; എൻെറ വിശ്വാസത്തെ നീ ഉറപ്പിക്കേണമേ. ഓ, എൻെറ ദൈവമേ! എൻെറ സമസ്ത ശരണവും നിന്നിലാകുന്നു, നീ അവയെ ഭദ്രമായി സൂക്ഷിച്ചുകൊള്ളേണമേ. ഓ, എൻെറ ദൈവമേ! ഞാൻ നിന്നെ സ്നേഹിക്കുന്നു; നിന്നെ ദിനംപ്രതി അധികമധികം സ്നേഹിക്കുന്നതിനു എന്നെ നീ പഠിപ്പിക്കേണമേ.'

# പഞ്ചാംഗം.

൧൧൦൯ മകരം. - കുംഭം. ഫെബ്രുവരി 1934

| | | | | |
|---|---|---|---|---|
| ൧൯ | 1 | വ്യാ. | വി. | ഇഗ്നാസി. |
| ൨൦ | 2 | വെ. | ✠ | എ. ഭാ. ക. മറി. ശുദ്ധീകരണം. |
| ൨൧ | 3 | ശ. | വി. | ബ്ളാസിയൂസ്. |
| ൨൨ | 4 | ഞാ. | ✠ | ൬൦-ാംഞായർ. |
| ൨൩ | 5 | തി. | വി. | അഗത്താ. |
| ൨൪ | 6 | ചൊ. | വി. | ദൊറൊത്തെയാ. |
| ൨൫ | 7 | ബു. | വി. | റൊമുവാംള്ട്. |
| ൨൬ | 8 | വ്യാ. | വി. | യോ. മാത്ത. |
| ൨൭ | 9 | വെ. | വി. | അപ്പൊലോനിയ. |
| ൨൮ | 10 | ശ. | വി. | സ്കൊളസ്തിക്കാ. |
| ൨൯ | 11 | ഞാ. | ✠ | ൫൦-ാംഞാ. അമ്പതു നോമ്പാരംഭം. |
| ൧ | 12 | തി. | വി. | ദിവന്നാദസ്യോസ്. |
| ൨ | 13 | ചൊ. | വി. | എവുപ്രസീനാ ക. |
| ൩ | 14 | ബു. | വിഭൂതി. വി. തെലസ്പൊരോ പാ. | |
| ൪ | 15 | വ്യാ. | വി. | പത്രാസ് തോമ്മാ. |
| ൫ | 16 | വെ. | വി. | ഒദനാപ്രിദയാസ്. (ഒരിക്കൽ) |
| ൬ | 17 | ശ. | വി. | അലെക്സിസ്. |
| ൭ | 18 | ഞാ. | ✠ | ൧-ാംഞായർ. ശെമഓൻ. |
| ൮ | 19 | തി | വി. | ഗബിനൂ. മെ. |
| ൯ | 20 | ചൊ. | വി. | സാദോത്ത. |
| ൧൦ | 21 | ബു. | വി. | സെവേരിയൻ. |
| ൧൧ | 22 | വ്യാ. | വി. | പപ്പിയാസ്. |
| ൧൨ | 23 | വെ. | വി. | പത്രോ. ദമിയാനോ. (ഒരിക്കൽ) |
| ൧൩ | 24 | ശ. | വി. | മത്ത്യാശ്ലീഹാ. |
| ൧൪ | 25 | ഞാ. | ✠ | ൨-ാംഞായർ. തറാസിയൂസ്. |
| ൧൫ | 26 | തി. | വി. | അലക്സാണ്ഡർ. |
| ൧൬ | 27 | ചൊ. | വി. | ലിയാൻഡർ. |
| ൧൭ | 28 | ബു. | വി. | റോമാനൂസ്. |

✠ എല്ലാവർക്കും കടമുള്ള ദിവസം.

## പൊതുനിയോഗം.

എല്ലാവരും ദൈവത്തെ തങ്ങളുടെ പിതാവായിട്ടും അയൽക്കാരനെ തങ്ങളുടെ സഹോദരനായിട്ടും അംഗീകരിക്കുക.

എല്ലാ വസ്തുക്കളെക്കാൾ ഉടയതമ്പുരാനെ സ്നേഹിക്കണമെന്നും തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മററെല്ലാവരേയും സ്നേഹിക്കണമെന്നും എല്ലാവർക്കും അറിയാം. ഈ പ്രമാണത്തിൽ മററെല്ലാ പ്രമാണങ്ങളും അടങ്ങിയിട്ടുണ്ട്. എന്നാൽ ഇതനുസരിച്ചാണൊ നമ്മുടെ നടപടി. ഈ തത്വത്തെ വിസ്മരിച്ചതുകൊണ്ടുണ്ടായിട്ടുള്ളതാണു ഇന്നത്തെ കുഴപ്പങ്ങൾ. ഇവക്ക് അല്പമെങ്കിലും ശമനമുണ്ടാകണമെങ്കിൽ നമ്മൾ ഈ പ്രമാണത്തെ മുറുകെപിടിച്ചു പ്രവത്തിക്കണം. അതിനു ലോകം എന്നു സന്നദ്ധമാകുമൊ അന്നു കുഴപ്പങ്ങളെല്ലാം തീരും. അതുകൊണ്ടു തിരുഹൃദയസഭക്കാർ ഈ ഉദ്ദേശസാദ്ധ്യത്തിനായി ഈ മാസത്തിൽ സവിശേഷം പ്രാത്ഥിക്കേണ്ടതാണ്.

---

## കുറിപ്പുകൾ.

സ്ഥലം ആശ്രമദേവാലയത്തിൽ നാല്പതുമണിയാരാധന ഇക്കൊല്ലവും ഡിസംബർ ൩൦, ൩൧, ജനുവരി ൧ എന്നീ തീയതികളിൽ പൂവാധികം ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. ആദ്യദിവസം വരാപ്പുഴ മെത്രാപ്പോലീത്താ നി. വ. ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി തിരുമേനി വി. കുർബ്ബാനയുടെ പ്രദക്ഷിണവും വാഴ്‌വും അവസാനദിവസം എറണാകുളം മെത്രാപ്പോലീത്താ നി. വ. ദിവ്യശ്രീ ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു ദിവ്യകാരുണ്യ വാഴ്‌വും നടത്തുകയുണ്ടായി. പ്രസ്തുത ദിവസങ്ങളിൽ വി. കുർബ്ബാനകൈക്കൊണ്ടവരുടെ സംഖ്യ 5000 ത്തിൽ പരമാണ്.

തൃശ്ശൂർ രൂപതവകയായി റവ. ഫാദർ പി. കാക്കശ്ശേരി പി. എച്ച്. ഡി., ഡി. ഡി. അവർകളുടെ പത്രാധിപത്യത്തിൽ ആരംഭിച്ചിരിക്കുന്ന "നവജീവിക"യുടെ ഒന്നാം ലക്കം നന്ദിപൂവം കൈപ്പററിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിൽ ഒരു ഉറുപ്പികയാണു നിശ്ചയിച്ചിരിക്കുന്നത്. ഈ മാന്യ സഹജീവിക്കു ഞങ്ങൾ സവവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

"ഒൻപതു മാസാദ്യവെള്ളിയാഴ്ചകൾ" നന്ദിപൂവ്വം കൈപ്പററിയിരിക്കുന്നു. അഭിപ്രായം അടുത്തതിൽ.

കുന്നലക്കാട്ടു ദേവസ്സി ഔസേപ്പു് വിഷവായു സംബന്ധമായ സുഖക്കേടിനാൽ ൧൧൨൩ ജനുവരി ൧൦-ാംനു- തന്റെ ൨൦-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. പരേതന്റെ ആത്മാനുകൂലാത്ഥം വിശ്വാസികൾ പ്രാത്ഥിപ്പാറാകണം.

Reg. No. C. 130.


# SADHANA AUSADHALAYA, DECCA.

— അദ്ധ്യക്ഷൻ —

യോഗേശ ചന്ദ്ര ഘോസ്, എം. എ., എഫ്. സി. എസ്സ്.

ആയുൎവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ. ഔഷധപ്പട്ടിക ആവശ്യക്കാൎക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരദ്ധ്വജ (സ്വൎണ്ണസിന്ദൂരം) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിന്നും മനസ്സിന്നും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കിത്തീൎക്കുന്നു.
ഒരു തോലാ തൂക്കത്തിന്ന് ക. ൪.

ശാരിബാദിസരസം ഇതു ഉഷ്ണപ്പുണ്ണിന്ന് ഫലംകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു.
ഒരു ഔൺസിന്ന ക. ൩.

സുഖദ സഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. ടേസർ ഒന്നിന്ന ക. ൧൰.

അബലബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൫ ദിവസം സേവിപ്പാനുള്ള ഒരു കുപ്പിക്ക വില ക. ൨. അമ്പതിന്ന് ക: ൫.

കൂടുതൽ വിവരത്തിന്ന മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

---

## നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്ക സാധിക്കുമെന്നു അതിശയോക്തിസ്പൎശംകൂടാതെ പറയാം.
ഒരു കുപ്പിക്ക വില ക. ൧-൰൨-൦.

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീൎച്ചയായിട്ടും സുഖം കിട്ടും.
കുപ്പി ഒന്നിന്ന ക. ൪-൮-൦.

### പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂൎണ്ണ സുഖമാകുന്നതാണ്.
ഒരു കുപ്പിക്ക വില ക. ൪-൰൨-൦.

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിന്നും വിശേഷമാണു. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്താപം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്ക പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലമ്പനിയുടെ ബന്ധത്തിന്നും ഉപയോഗിക്കേണ്ടതു. 'എമിനാ' എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സൎട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,

നമ്പ്ര് ൧൧, കോഴിക്കോട്, മലബാർ.


---

Printed at the "Little Flower" Press and published by Fr. Anastasius C. D.
THEVARA, ERNAKULAM, S. INDIA.